بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 10

ലക്കം 37

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 സെപ്റ്റംബർ 11 • ഹി.ശം 1404 തബൂക് 11 • ഹി:ഖ 1447 റബീഉൽ അവ്വൽ 18

## അല്ലാഹുവിന്റെ വചനം

اُولٰٓئِكَ لَهُمۡ
نَصِيۡبٌ مِّمَّا كَسَبُوۡا ؕ
وَاللّٰهُ سَرِيۡعُ الۡحِسَابِ ۝
(سورۃ البقرۃ:203)

അവർക്കത്രെ തങ്ങൾ സമ്പാദിച്ചതിന്റെ ഒരു (നല്ല)അംശം ലഭിക്കുക. അല്ലാഹു അതിവേഗം കണക്കെടുക്കുന്നവനാകുന്നു.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്റിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### ഈമാനിന്റെ ഉന്നതമായ സ്ഥാനം:

ഹദ്റത്ത് അബൂഹുറയ്റرضی اللہ عنہ നിവേദനം. നബിﷺതിരുമേനി പറഞ്ഞു: 'ഒരാൾ മറ്റൊരാളിൽനിന്ന് കുറച്ചു വസ്തു വാങ്ങി. വാങ്ങിയ ആൾ സ്ഥലം കിളച്ചപ്പോൾ സ്വർണം നിറഞ്ഞ ഒരു കുടം അയാൾക്കുകിട്ടി. അപ്പോൾ അയാൾ ആരിൽനിന്നാണോ സ്ഥലം വാങ്ങിയത് അയാളുടെ അടുത്തുപോയി വിവരം പറഞ്ഞു. താങ്കളിൽനിന്ന് വാങ്ങിയ സ്ഥലത്തുനിന്ന് നിറയെ സ്വർണമുള്ള ഒരു കുടം എനിക്കു കിട്ടിയിട്ടുണ്ട്. അതിൽ നിനക്ക് അവകാശമുണ്ട്. കാരണം ഞാൻ വെറും സ്ഥലമാണ് വാങ്ങിയത്. അതുകൊണ്ട് അത് താങ്കൾക്ക് മടക്കിത്തരാൻ വന്നതാണ്.' അയാൾ പറഞ്ഞു, 'സ്ഥലവും അതിലുള്ളതുമെല്ലാം ഞാൻ താങ്കൾക്കു വിറ്റതാണ്. അതിലെന്തെല്ലാമുണ്ടോ അതിന്റെ അവകാശി താങ്കൽത്തന്നെയാണ്.

അതുകൊണ്ട് താങ്കൾക്കുകിട്ടിയ സ്വർണം ഞാൻ തിരിച്ചെടുക്കുകയില്ല." അവസാനം ഈ കലഹം ഒത്തുതീർപ്പാക്കുന്നതിന് അവർ ഒരു മഹാത്മാവിന്റെ അടുത്തുപോയി. അയാൾ അവസ്ഥകൾ കേട്ട് ചോദിച്ചു: 'നിങ്ങൾക്ക് കുട്ടികളുണ്ടോ?' ഒരാൾ പറഞ്ഞു: 'എനിക്കൊരു മകളുണ്ട്.' രണ്ടാമത്തയാൾ പറഞ്ഞു: 'എനിക്കൊരു മകനുണ്ട്.' അപ്പോൾ മധ്യസ്ഥൻ പറഞ്ഞു:'നിങ്ങൾ മക്കളെ തമ്മിൽ വിവാഹം കഴിപ്പിക്കുക. വിവാഹത്തിന്റെ ചെലവ് ഈ സ്വർണം കൊണ്ട് നിറവേറ്റുക. ഈ തീരുമാനത്തിൽ അവരിരുവരും സംതൃപ്തരായി."

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

**അല്ലാഹു എതിരാളികളുടെ എഴുതാനുള്ള കഴിവും അറിവും എടുത്തുകളഞ്ഞിരിക്കുന്നു. എതിരാളികൾ ഒറ്റയ്ക്കൊറ്റയ്ക്കോ സംഘടിച്ചോ ഈ തഫ്സീറിന് ഖണ്ഡനമെഴുതാനാഗ്രഹിച്ചാൽ അവർക്കതെഴുതാൻ കഴിയുകയില്ലതന്നെ!**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്علیہ السلامന്റെ ഉപദേശങ്ങൾ

### ഒരു മഹത്തായ മുഅ്ജിസത്ത്

ഹദ്റത്ത്മസീഹ് മൗഊദ്علیہ السلام പറഞ്ഞു:' 'ഇന്നുരാത്രിയിൽ ഇൽഹാമുണ്ടയി. മനഅഹു മാനിഉൻ മ്മിസ്സമാഇ ഈ തഫ്സീറെഴുത്തിൽ നിന്നെ നേരിടാൻ ആർക്കും കഴിയില്ല. അല്ലാഹു എതിരാളികളുടെ എഴുതാനുള്ള കഴിവും അറിവും എടുത്തുകളഞ്ഞിരിക്കുന്നു. ഇതു മെഹ്ർശാഹിനെക്കുറിച്ചാണെങ്കിലും അല്ലാഹു എനിക്കു മനസ്സിലാക്കിത്തന്നത് അയാളുടെ വ്യക്തിത്വത്തിൽ സകല എതിരാളികളേയും ഉൾപ്പെടുത്തി ഒരേയൊരു കൽപനയ്ക്ക് വിധേയമാക്കിവെച്ചിരിക്കുന്നുവെന്നാണ്; ഉന്നതിയിൽ ഉന്നതവും മഹോന്നതങ്ങളിൽ മഹോന്നതവുമായ മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതം സ്ഥാപിതമാകുന്നതിനുവേണ്ടി. അതായത് എതിരാളികൾ ഒറ്റയ്ക്കൊറ്റയ്ക്കോ സംഘടിച്ചോ ഈ തഫ്സീറിന് ഖണ്ഡനമെഴുതാനാഗ്രഹിച്ചാൽ അവർക്കതെഴുതാൻ കഴിയുകയില്ലതന്നെ!"

അവിടന്ന് പറഞ്ഞു: "മനുഷ്യന്റെ ജോലി മനുഷ്യന് ചെയ്യാൻ കഴിയും. നമ്മുടെ എതിരാളികൾ മനുഷ്യരാണ്. ആലിം എന്നും മൗലവിയെന്നും അവർ പറയപ്പെടുന്നു. പിന്നെന്തുകൊണ്ടാണ് ഞാൻ ചെയ്ത ജോലി അവർക്കു ചെയ്യാൻ കഴിയാത്തത്. ഇതുതന്നെയാണ് ഒരു മുഅ്ജിസത്ത്. നബി ഒരു വടിയെറിയുകയും തന്നെക്കൂടാതെ മറ്റാർക്കും അതെടുക്കാൻ കഴിയുകയില്ലെന്ന് പറയുകയും ചെയ്താൽ അതുമൊരു മുഅ്ജിസത്താണ്. തഫ്സീർ രചനയും വൈജ്ഞാനികമായൊരു മുഅ്ജിസത്താണ്."

അവിടന്ന് പറഞ്ഞു:"വിശുദ്ധ ഖുർആനിന്റെ മുഅ്ജിസത്താണ് അതിന്റെ **ഫസ്വാഹത്തും**(അർഥഗാംഭീര്യവും) **ബലാഗത്തും**(സാഹതീയ സൗന്ദര്യവും). അതിന്റെ മറുപടിയിൽ ഒരിക്കൽ പാതിരി ഫണ്ടർ ഹരീരി, അബുൽ ഫള്ൽ, ചില ഇംഗ്ലീഷ് ഗ്രന്ഥങ്ങളും അവതരിപ്പിച്ചിരുന്നു. കുറേ മുമ്പേ നടന്ന കാര്യമാണ്, നാം ആ നേരത്തും ഇയാൾ കളവുപറയുകയാണെന്നാണ് ചിന്തിച്ചത്. കാരണം ഒന്നാമത്തെ കാര്യം ഈ ഗ്രന്ഥകർത്താക്കൾക്ക്, തങ്ങളുടെ ഗ്രന്ഥം സമാനതകളില്ലാത്തതാണെന്നുള്ള വാദമൊരിക്കലുമില്ല. എന്നല്ല അവരെപ്പോഴും തങ്ങളുടെ കഴിവില്ലായ്മ പ്രകടിപ്പിക്കുകയും വിശുദ്ധ ഖുർആനെ വാഴ്ത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തേത് ഇവരുടെ ഗ്രന്ഥങ്ങളിൽ അർഥം, പദങ്ങൾക്ക് അനുസരണമായിട്ടാണ് നടക്കുന്നത്. കേവലം പദങ്ങൾ ബന്ധപ്പെട്ടിട്ടുണ്ടാകും. ഖാഫിയയ്ക്കുവേണ്ടി(പ്രാസമൊപ്പിക്കുന്നതിനുവേണ്ടി)ഒരു പദത്തിനുപകരം മറ്റൊരു പദം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ഭാഷയിൽ യുക്തിയുടേയും ജ്ഞാനത്തിന്റേയും പരിഗണനയൊന്നുമുണ്ടാകുകയില്ല. വിശുദ്ധ ഖുർആനിൽ സത്യത്തിന്റേയും യുക്തിയുടേയും പരസ്പര ബന്ധമുണ്ടായിരിക്കും. യഥാർഥത്തിൽ സത്യത്തിന്റേയും യുക്തിയുടേയും പരസ്പര ബന്ധത്തിന്റെ പാലനമെന്നത് അതായത് സത്യത്തിന്റേയും യുക്തിയുടേയും വചനങ്ങളോടൊപ്പം ഖാഫിയയും ശരിയാകുക എന്നത് ദൈവസഹായത്താലാണ് കരസ്ഥമാകുന്നത്. ഇല്ലെങ്കിൽ മനുഷ്യരുടെ വചനങ്ങളിൽ ഹരീരി തുടങ്ങിയവയിലുള്ളതുപോലുള്ളതായിരിക്കുമുണ്ടാകുക." *(മൽഫൂദാത്ത് വാല്യം 2, പേജ് 84 - 85, 2018 ഖാദിയാൻ പതിപ്പ്)*

**അയാളുടെ ശബ്ദത്തിൽ വിറയലുണ്ടായിരുന്നു. അയാളുടെ കണ്ണുകളിൽ കണ്ണീരൊഴുകിയിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് തീർച്ചയായും ഒരു ദിവസം മുസ്ലിമാകുന്നതാണ്. ഇത് ഹദ്റത്ത് ഉമറിന്റെ ഉള്ളിലുണ്ടായ അസാധാരണമായ വിപ്ലവം ആയിരുന്നു. ക്ഷണത്തിൽ അവിടന്ന് കഠിനമായി ശത്രുതയിൽനിന്ന് ഉന്നത ദർജയിലുള്ള മുഅ്മിനായി."**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്رضی اللہ عنہ അൽമുഅ്മിനൂൻ എന്ന അധ്യായത്തിലെ **ഥുമ്മ അൻശഅ്നാഹു ഖൽഖൻ ആഖറ** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

"അവസാനമായി ഇക്കാര്യവും വിവരിക്കേണ്ടത് അനിവാര്യമായി മനസ്സിലാക്കുന്നു. ഈ വചനങ്ങളിൽ **ഥുമ്മ അൻശഅ്നാഹു ഖൽഖൻ ആഖറ** എന്നു പറഞ്ഞുകൊണ്ട് അല്ലാഹു ഏതൊരു ആത്മീയമായ ദർജയെ കുറിച്ചാണോ പറഞ്ഞിട്ടുള്ളത്, ആ സ്ഥാനം അധ്വാനവും ത്യാഗവും പരിശ്രമവും തുടർച്ചയായുണ്ടാകുന്ന കർമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിനുവേണ്ടി ഒരു ദീർഘകാലം മനുഷ്യന് തന്റെ ആത്മാവിനെ

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**മക്കാ വിജയമുണ്ടായുടനെ നബിﷺതിരുമേനി ബിംബങ്ങളുടെ കേന്ദ്രങ്ങൾ തകർക്കാൻ നിർദേശിച്ചു. ആളുകളുടെ മനസ്സിൽനിന്ന് അതിനോടുള്ള സാങ്കൽപികമായ ഭയവും മഹത്ത്വവും ഇല്ലാതാക്കാനായിരുന്നു അത്. യുക്തിനിർഭരമായ ഈ തീരുമാനം വളരെ അനുഗൃഹീതമായിരുന്നു. കരാണം അത് തകർക്കപ്പെട്ടതോടെ ആളുകളുടെ മനസ്സിൽനിന്ന് അതിനോടുള്ള ഭയവും സ്വാധീനവും ഇല്ലാതായി. നബിﷺതിരുമേനി സമർപ്പിച്ചിട്ടുള്ള ഏകദൈവ വിശ്വാസം മാത്രമാണ് ശരിയായിട്ടുള്ളതെന്ന ദൃഢവിശ്വാസമുണ്ടായിത്തുടങ്ങി.**

**ഖുറയ്ശീ നേതാക്കന്മാരിൽനിന്ന് ഇസ്‌ലാം സ്വീകരിച്ചവരിൽ ഏറ്റവും കൂടുതൽ നമസ്കരിക്കുന്നേതിലും നോമ്പുപിടിക്കുന്നതിലും സ്വദഖ കൊടുക്കുന്നതിലും സുഹയ്ലിനെക്കാൾ കൂടുതലായി ആരുമുണ്ടായിരുന്നില്ല. അധികമധികമായി അല്ലാഹുവിന്റെ മുമ്പിൽ കരയുന്ന ആളുമായിരുന്നു അദ്ദേഹം.**

**മക്കാവിജയാവസരത്തിൽ ഇസ്‌ലാം സ്വീകരിച്ച മക്കയിലെ നേതാക്കന്മാരിൽ അധികവും പിന്നീട് അവരുടെ ജീവിതത്തിൽ വമ്പിച്ച ആത്മീയവിപ്ലവമാണ് ഉണ്ടാക്കിയിരുന്നത്.**

**മക്കാവിജയയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നബിചരിത്രത്തിന്റെ ചൈതന്യവത്തായി വിവരണം.**

**ജാംശോർ സിന്ധിലെ ചൗദ്ദരി അബ്ദുൽഗഫൂർ സാഹിബിനേയും കർത്താർപൂർ ഫയ്സ്വലാബാദിലെ മുഹമ്മദലി സാഹിബിനേയും കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2025 ആഗസ്റ്റ് 08, 1404 ള്വുഹൂർ 08, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ الرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:

ജൽസക്കുമുമ്പേ മക്കാവിജയ സംഭവങ്ങൾ വിവരിക്കുകയായിരുന്നു. ഇസ്‌ലാമിന്റെ ചില ആദ്യകാല ശത്രുക്കൾ ഇസ്‌ലാം സ്വീകരിച്ചതിനെ സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. അതിൽ ഇനിയും ചിലരെക്കുറിച്ച് പറയാനുണ്ട്.

വഹ്ശി ബിൻ ഹർബ് അവരിലൊരാളാണ്. ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ഹംസത്ത്رضനെ രക്തസാക്ഷിയാക്കിയത് ഇയാളാണ്. മക്കാവിജയത്തിനുശേഷം ഇയാൾ ത്വാഇഫിലേക്ക് ഓടിപ്പോയിരുന്നു. ത്വാഇഫിലെ ആളുകൾ ഇസ്‌ലാം സ്വീകരിച്ചപ്പോൾ ഇയാളുംവന്ന് ഇസ്‌ലാം സ്വീകരിച്ചു.*(സുബുലുൽഹുദാ വാല്യം 5, പേജ് 225, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ബുഖാരിയിലെ രിവായത്തിൽ വഹ്ശിയുടെ ഇസ്‌ലാം സ്വീകരണത്തെക്കുറിച്ച് അയാൾ സ്വയംതന്നെ വിവരിക്കുന്നതിപ്രകാരമാണ്. പറയുന്നു: "ഞാൻ മക്കയിലാണ് താമസിച്ചിരുന്നത്. അവിടെ ഇസ്‌ലാം മതം വ്യാപിച്ചപ്പോൾ ഞാൻ ത്വാഇഫിൽപ്പോയി. ആളുകൾ നബിﷺതിരുമേനിയുടെ അടുത്ത് ദൂതന്മാരെ അയക്കുമ്പോൾ എന്നോടു പറഞ്ഞു: 'നബിﷺതിരുമേനി ദൂതന്മാരെ എതിർക്കാറില്ല.' ഞാൻ അവരോടൊപ്പം പുറപ്പെട്ടു, അങ്ങനെ നബിﷺതിരുമേനിയുടെ അടുത്തെത്തി. അവിടന്ന് എന്നെ കണ്ടപ്പോൾ ചോദിച്ചു: 'നീ വഹ്ശിയാണോ?' ഞാൻ പറഞ്ഞു: 'അതെ.' വീണ്ടും ചോദിച്ചു: 'നീയാണോ ഹംസയെ കൊന്നത്?' ഞാൻ പറഞ്ഞു: "താങ്കൾക്ക് ലഭിച്ച വിവരം സത്യമാണ്." അപ്പോൾ നബിﷺതിരുമേനി ചോദിച്ചു: 'നിനക്ക് നിന്റെ മുഖം എന്നിൽനിന്ന് മറച്ചുവെക്കാൻ കഴിയുമോ?' അയാൾ പറയുന്നു: 'ഇതുകേട്ട് ഞാൻ അവിടെ നിന്നുപോയി. അതായത്, നബിﷺതിരുമേനിയുടെ ഉദ്ദേശ്യം, എനിക്ക് നിന്റെ മുഖം കാണേണ്ട എന്നായിരുന്നു. പിന്നീട് നബിﷺതിരുമേനിയുടെ വിയോഗശേഷം മുസയ്‌ലിമത്തുൽ ക്കദ്ദാബ് കലാപമുണ്ടാക്കിയപ്പോൾ, ഞാൻ മുസ്‌ലിമീങ്ങളോടു പറഞ്ഞു: 'ഞാൻ മുസയ്‌ലിമയുടെ അടുത്തുപോയി, അവനെ കൊന്ന് ഹംസത്തിന്റെ കൊലപാതകത്തിന് പ്രതിക്രിയ ചെയ്യും. ഞാൻ ആളുകളോടൊപ്പം പുറപ്പെട്ടു. പിന്നെ അവന് സംഭവിക്കേണ്ടതുതന്നെ സംഭവിച്ചു. അതായത് വധിക്കപ്പെട്ടു. ഒരു മതിലിന്റെ വിടവിൽ നിൽക്കുന്ന ഒരാളെ ഞാൻ കണ്ടു. ഒരു ഗോതമ്പ് നിറത്തിലുള്ള ഒട്ടകത്തെപ്പോലെ തോന്നിച്ചു. തലമുടി ചിതറിക്കിടന്നിരുന്നു. ഇത് മുസയ്‌ലിമക്കദ്ദാബ് ആയിരുന്നു. അവനെ അയാൾ കണ്ടു. അയാൾ പറഞ്ഞു: ഞാനെന്റെ കുന്തമെടുത്ത് അവന്റെ നെഞ്ചിൽ ക്കുത്തി. അതവന്റെ തോളെല്ലുകൾക്കിടയിലൂടെ കടന്ന് പുറത്തുവന്നു. അൻസ്വാരിൽനിന്നൊരാൾ അവന്റെ നേരെ പാഞ്ഞടുത്ത് അവന്റെ തലയോട്ടിയിൽ വാളുകൊണ്ടുവെട്ടി. അങ്ങനെ അവൻ കൊല്ലപ്പെട്ടു."*(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ബാബു ഖത്തല ഹംസത്തിബ്നി അബ്ദിൽ മുത്ത്വലിബ് ഹദീഥ് 4072)*

ഇതുപോലെ, അംറുബ്നു ഹാശിമിന്റെ അടിമസ്ത്രീ സാറയുണ്ടായിരുന്നു. അവൾ ഒരു ഗായികയായിരുന്നു. മക്കാ വിജയത്തിനുമുമ്പേ അവൾ നബിﷺതിരുമേനിയുടെ അടുത്തുവന്ന് വല്ലതും തരണമെന്ന് ആവശ്യപ്പെടുകയും ദാരിദ്ര്യമാണെന്ന് പരിഭവപ്പെടുകയും ചെയ്തു. നബിﷺതിരുമേനി ചോദിച്ചു: 'നീ പാട്ടുകൾ പാടാറില്ലേ? നീ ഒരുപാട് പാട്ടുകൾ പാടി പണം സമ്പാദിക്കാറുണ്ടായിരുന്നല്ലോ?' അവൾ പറഞ്ഞു: 'ബദ്ർ യുദ്ധത്തിൽ മുശ്രിക്കീങ്ങളുടെ നേതാക്കൾ കൊല്ലപ്പെട്ടതുമുതൽ അവർ പാട്ടുകൾ പാടുന്നത് നിറുത്തി. നബിﷺതിരുമേനി അവൾക്ക് ധാന്യം കയറ്റിയ ഒരു ഒട്ടകം സമ്മാനിച്ചു. അതിനുശേഷം അവൾ ഖുറയ്ശികളുടെ അടുത്തുപോയി. ഇബ്നു ഖതൽ എന്നയാൾ നബിﷺതിരുമേനിയെക്കുറിച്ച് പരിഹാസകവിതകൾ അവളെക്കൊണ്ട് പാടിക്കുമായിരുന്നു. അവൾ സമ്മാനം ലഭിച്ചിട്ടും തന്റെ പ്രവൃത്തി നിറുത്തിയില്ല. ഈ പരിഹാസ കവിതകൾ അവൾ പാടിക്കൊണ്ടിരുന്നു. ഹദ്റത്ത് ഹാത്വിബിന്റെ കത്ത് കണ്ടെടുക്കപ്പെട്ടതും ഇവളുടെ പക്കൽനിന്നാണ്. അവൾ ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലംവരെ ജീവിച്ചിരുന്നു. അതേപോലെ, ഇബ്നു ഖത്വലയുടെ അടിമസ്ത്രീ ഫർത്തനായും നബിﷺതിരുമേനിയെക്കുറിച്ച് പരിഹാസകവിതകൾ പാടുമായിരുന്നു. അവളും ഇസ്‌ലാം സ്വീകരിച്ചു. *(സുബുലുൽഹുദാ വർറശാദ് വാല്യം5, പേജ് 225, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)*

പിന്നീട് ഹദ്റത്ത് ഹാരിഥ് ബിൻ ഹിശാമിന്റെ ഇസ്‌ലാം സ്വീകരണത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: 'മക്കയിലെ ജനപ്രിയനായ ഒരു നേതാവായിരുന്നു അദ്ദേഹം. അബൂജഹ്ലിന്റെ പിതാവിന്റെ ഭാഗത്തു നിന്നുമുള്ള സഹോദരനായിരുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ സഹോദരിയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. മക്കാ വിജയസമയത്ത്,

ഹാരിഥും അബ്ദുല്ലാഹ് ബിൻ അബീ റബീഅയും ഹദ്റത്ത് ഉമ്മു ഹാനിയുടെ വീട്ടിൽ അഭയം തേടി. കാരണം, ഹദ്റത്ത് അലിؓഅവരെ വധിക്കാൻ പിന്നാലെ വരുന്നുണ്ടായിരുന്നു. ഹദ്റത്ത് ഉമ്മു ഹാനി അവരെ വീട്ടിൽ ഒളിപ്പിച്ചശേഷം നബിﷺ തിരുമേനിയുടെ അടുത്തു ചെന്ന് താനവർക്ക് അഭയം നല്കിയിട്ടുണ്ടെന്ന് അറിയിച്ചു. അപ്പോൾ നബിﷺതിരുമേനി ഹദ്റത്ത് ഉമ്മു ഹാനിയോടു പറഞ്ഞു: 'നീ അഭയം നല്കിയവർക്ക് നാമും അഭയം നല്കിയിരിക്കുന്നു.'*(സീറത്ത് ഹൽബിയ്യ, പേജ് 133-134, ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹാരിഥ് ബിൻ ഹിശാം പറയുന്നു: "ഞങ്ങൾ രണ്ടുദിവസം ആ വീട്ടിൽ തങ്ങി. അതിനുശേഷം സ്വന്തം വീടുകളിലേക്ക് മടങ്ങി. ഞങ്ങൾ മുറ്റത്തിരുന്നാലും ആരും ഞങ്ങളെ എതിർത്തിരുന്നില്ല. പക്ഷേ, ഞങ്ങൾക്ക് ഹദ്റത്ത് ഉമറിനെ ഭയമായിരുന്നു." അദ്ദേഹം പറയുന്നു: "അല്ലാഹുവാണെ സത്യം! ഒരു ദിവസം ഞാൻ പുതപ്പുപുതച്ച് എന്റെ വീടിന്റെ വാതിൽക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ അതാ ഹദ്റത്ത് ഉമറും ഏതാനും മുസ്‌ലിമീങ്ങളും അവിടെ വരുന്നു. അവർ സലാം പറഞ്ഞ് മുന്നോട്ടുപോയി." ഹാരിഥ്ؓപറയുന്നു:"നബിﷺതിരുമേനി എന്നെ കാണുന്നത് എനിക്കു ലജ്ജയായിരുന്നു. കാരണം അവിടന്ന് എന്നെ എല്ലായിടത്തും മുശ്‌രിക്കീങ്ങളുടെ കൂടെയാണ് കണ്ടിട്ടുള്ളത്. പിന്നീട് എനിക്ക് നബിﷺതിരുമേനിയുടെ നന്മയും കാരുണ്യവും ദയയും ഓർമ്മ വന്നു. ഞാൻ നബിയെ കാണാൻ പോയി. അപ്പോൾ ആ മഹാത്മാവ് മസ്ജിദുൽ ഹറമിൽ പ്രവേശിക്കുകയായിരുന്നു. അവിടന്ന് എന്നെനോക്കി പുഞ്ചിരിച്ചു. ഞാൻ സലാം പറഞ്ഞു. ശഹാദത്ത് കലിമ ചൊല്ലി. നബിﷺതിരുമേനി പറഞ്ഞു: "സകല സ്തുതിയും അല്ലാഹുവിനാകുന്നു, അവൻ നിനക്ക് ഹിദായത്ത് നല്കിയിരിക്കുന്നു. ഹാരിഥിനെപ്പോലുള്ള ഒരാൾക്ക് എങ്ങനെ ഇസ്‌ലാമിൽ നിന്ന് അകന്ന് നിൽക്കാൻ സാധിക്കുമെന്നും പറഞ്ഞു." ഹാരിഥ് പറഞ്ഞു: "അല്ലാഹുവാണെസത്യം! ഇസ്‌ലാമിൽനിന്ന് അകന്നു നിൽക്കാൻ സാധ്യമല്ലെന്ന് ഞാൻ കണ്ടിരിക്കുന്നു."*(സീറത്ത് ഹൽബിയ്യ വാല്യം 3, പേജ് 133-134, 146 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഇംതാഅ് വാല്യം 1, പേജ് 389, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്.)(സുബുലുൽ ഹുദാ, വാല്യം 5, പേജ് 250 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഉസുദുൽഗാബ വാല്യം 1, പേജ് 644-645 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇതേപോലെ, സുഹയ്ൽ ബിൻ അംറ് ഇസ്‌ലാം സ്വീകരിച്ചതിനെക്കുറിച്ചും വന്നിട്ടുണ്ട്. ഇദ്ദേഹവും മക്കയിലെ ഒരു നേതാവായിരുന്നു. ഹുദയ്ബിയ്യ സന്ധിയുടെ അവസരത്തിൽ ഖുറയ്ശികളുടെ പ്രതിനിധിയായി വന്നതും ഇദ്ദേഹമാണ്. സുഹയ്ൽ ബിൻ അംറ് പറയുന്നു: "നബിﷺതിരുമേനി മക്കയിൽ വിജയശ്രീലാളിതനായി പ്രവേശിച്ചപ്പോൾ ഞാനെന്റെ വീട്ടിൽക്കയറി വാതിലടച്ചു. ഞാനെന്റെ മകൻ അബ്ദുല്ലായെ നബിﷺതിരുമേനിയുടെ അടുത്തയച്ച് എനിക്ക് അഭയം നല്കണമെന്ന് ആവശ്യപ്പെട്ടു. ഞാൻ കൊല്ലപ്പെടുമോയെന്ന് ഭയപ്പെട്ടിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ്ؓ, നബിﷺതിരുമേനിയുടെ അടുത്തുചെന്നു. അദ്ദേഹം പറഞ്ഞു: "യാ റസൂലല്ലാഹ്! എന്റെ പിതാവ് അങ്ങയോടു അഭയം ആവശ്യപ്പെടുന്നു." മക്കയിലെ എല്ലാവർക്കും പൊതുമാപ്പും അഭയവും ലഭിച്ചിരുന്നു. പക്ഷേ, ഈ അവിശ്വാസികളുടെ നേതാക്കന്മാർക്ക് തങ്ങൾ കൊടിയശത്രുത വെച്ചുപുലർത്തിയ കാരണത്താൽ പൊതുമാപ്പ് ലഭിക്കുമെന്ന പ്രതീക്ഷയോ വിശ്വാസമോ ഇല്ലായിരുന്നു. തങ്ങൾക്കെതിരെ എപ്പോൾവേണമെങ്കിലും പ്രതികാരനടപടിയുണ്ടായേക്കാമെന്ന് അവർക്ക് ആശങ്കയുണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം മകനെ നബിﷺതിരുമേനിയുടെ അടുത്തയച്ചത്. അവിടന്ന് പറഞ്ഞു: "ശരി, അവൻ അല്ലാഹുവിന്റെ അഭയത്തിൽ സുരക്ഷിതനാണ്, അവൻ പുറത്തുവരട്ടെ." അതായത്, അവന് പുറത്ത് സ്വതന്ത്രമായി നടക്കാൻ സാധിക്കും. നബിﷺതിരുമേനി തന്റെ ചുറ്റുമിരിക്കുന്ന സ്വഹാബാക്കളോടു പറഞ്ഞു: 'സുഹയ്‌ലിനെ കാണുന്നവർ അയാളുടെനേരെ രൂക്ഷമായി നോക്കരുത്. സുഹയ്‌ലിനെപ്പോലുള്ള ഒരു ബുദ്ധിമാനും മാന്യനുമായ ഒരാൾക്ക് ഇസ്‌ലാമിൽനിന്ന് കൂടുതൽ കാലം അകന്നു നിൽക്കാൻ സാധിക്കില്ല.' അവനുൾക്കൊണ്ടിരുന്ന കാര്യം അവന് ഉപകാരപ്രദമല്ലെന്ന് അവൻ മനസ്സിലാക്കിയിട്ടുണ്ട്. അതായത്, അവിശ്വാസത്തിന്റെ അവസ്ഥ. ഹദ്റത്ത് അബ്ദുല്ലാഹ് തന്റെ പിതാവിന്റെ അടുത്തുപോയി നബിﷺതിരുമേനിയുടെ ഈ നിർദേശങ്ങൾ അറിയിച്ചു. അപ്പോൾ സുഹയ്ൽ പറഞ്ഞു: "അല്ലാഹുവാണെ സത്യം! നബിﷺതിരുമേനി ചെറുപ്പത്തിലും നന്മ ചെയ്യുന്ന ആളായിരുന്നു, ഈ പ്രായത്തിലും നന്മ ചെയ്യുന്നയാളാണ്."

ഹദ്റത്ത് സുഹയ്ൽ നിർഭയം വന്നും പോയുമിരുന്നു. ഹുനയ്ൻ യുദ്ധത്തിൽ അദ്ദേഹം മുശ്‌രിക്കായിരിക്കെതന്നെ നബിതങ്ങളോടൊപ്പം പങ്കെടുത്തു. പക്ഷേ, അന്ന് ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. ഹുനയ്ൻ യുദ്ധത്തിൽ നിന്ന് മടങ്ങുമ്പോൾ ജുഅ്റാന എന്ന സ്ഥലത്തുവെച്ച് ഇസ്‌ലാം സ്വീകരിച്ചു. അത് മക്കയിൽ നിന്ന് 27 കിലോമീറ്റർ അകലെ ത്വാഇഫിന്റെ വഴിയിൽ സ്ഥിതിചെയ്യുന്ന ഒരുകിണറാണ്.*(സീറത്ത് ഹൽബിയ്യ വാല്യം 3 പേജ് 146, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഇംതാഉൽ അസ്മാഅ് വാല്യം 13, പേജ് 386, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്.) (ഫർഹങ്കെ സീറത്ത് പേജ് 88, റാവൽപിണ്ടി)*

ഇസ്‌ലാം സ്വീകരിച്ചശേഷം അദ്ദേഹത്തിൽ അത്ഭുതകരമായ ആത്മീയമാറ്റമാണുണ്ടായത്. മക്കയിലെ ഖുറയ്ശി നേതാക്കളിൽ നിന്ന് ഇസ്‌ലാം സ്വീകരിച്ചവരിൽ ഏറ്റവും കൂടുതൽ നമസ്കരിച്ചിരുന്നതും നോമ്പെടുത്തിരുന്നതും ദാനം നൽകിയിരുന്നതും സുഹയിലായിരുന്നുവെന്ന് രേഖപ്പെട്ടിട്ടുണ്ട്. അദ്ദേഹം കൂടുതലായി കരയുമായിരുന്നു. ഖുർആൻ ഓതുമ്പോൾ മിക്കപ്പോഴും കരയുമായിരുന്നു.*(ഉസുദുൽഗാബ വാല്യം 2, പേജ് 586, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് അബൂബക്ർؓവിവരിക്കുന്നു: "ഹജ്ജത്തുൽ വിദായിൽ ഞാൻ കണ്ടത് സുഹയ്ൽ ബിൻ അംറ് വധസ്ഥലിയുടെ അടുത്ത് നില്ക്കുന്നതാണ്. നബിﷺതിരുമേനിയുടെ ബലിമൃഗത്തെ ആ മഹാത്മാവിന്റെ അടുത്ത് കൊണ്ടുവരുന്നുണ്ടായിരുന്നു. നബിﷺതിരുമേനി അതിനെ അറുത്തു. പിന്നീട് ക്ഷുരകനെ വരുത്തി തലമുണ്ഡനം ചെയ്തു. നബിﷺ തിരുമേനി മുടിമുറിച്ചപ്പോൾ ഹദ്റത്ത് സുഹയ്ൽ ؓആ മുടി തന്റെ കണ്ണുകളിൽ ഉരസുന്നത് ഞാൻ കണ്ടു. അപ്പോൾ എനിക്കോർമ വന്നു, ഇതേ സുഹയ്ൽ തന്നെയായിരുന്നല്ലോ ഹുദയ്ബിയ്യ സന്ധി വേളയിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്ന് എഴുതുന്നത് തടഞ്ഞത്? കൂടാതെ മുഹമ്മദ് എന്ന പേരിനോടൊപ്പം റസൂലുല്ലാഹ് എന്ന് എഴുതുന്നതിലും എതിർപ്പ് പ്രകടിപ്പിച്ചത്? 'റസൂലുല്ലാഹ്' എന്ന പദം മായ്ച്ചതിനുശേഷമാണ് അദ്ദേഹം കരാറെഴുതാൻ തുടങ്ങിയതുതന്നെ." ഹദ്റത്ത് അബൂബക്ർؓപറയുന്നു: "ഞാൻ അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തു. സുഹയ്‌ലിന് ഇസ്‌ലാമിലേക്ക് വഴി കാണിച്ച അല്ലാഹുവിനെ വാഴ്ത്തി. അതിനുശേഷം അദ്ദേഹത്തിന്റെ വിശ്വസവും അങ്ങേയറ്റം വർധിച്ചു.*(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 64, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)*

സുഹയ്ൽ ബിൻ അംറിന്റെ മറ്റൊരു സംഭവം കൂടി വിവരിക്കപ്പെടുന്നുണ്ട്. സുഹയ്ൽ ഖുറയ്ശികളുടെ പ്രമുഖ പ്രസംഗകൻ കൂടിയായിരുന്നു. ബദ്ർ യുദ്ധത്തിൽ അവിശ്വാസിയായിരുന്നപ്പോൾ മുസ്‌ലിമീങ്ങളുടെ തടവുകാരനായി പിടിക്കപ്പെട്ടു. അദ്ദേഹം തന്റെ ചുണ്ടുകളിൽ അടയാളമുണ്ടാക്കിയിരുന്നു. ഈ സമയത്ത് ഹദ്റത്ത് ഉമർؓ, നബിﷺതിരുമേനിയോട് പറഞ്ഞു: യാ റസൂലല്ലാഹ്! ഇദ്ദേഹത്തിന്റെ രണ്ടുമുൻപല്ലുകൾ എടുത്തു കളയാം, അതിലാണ് ഇദ്ദേഹം അടയാളം ഉണ്ടാക്കിയിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ഇയാൾക്ക് താങ്കൾക്കെതിരെ പ്രസംഗിക്കാൻ കഴിയില്ല. പല്ലുകൾ ഇല്ലാതിരുന്നാൽ ഇയാൾക്ക് നന്നായി സംസാരിക്കാൻ കഴിയില്ല.

നബിﷺതിരുമേനി പറഞ്ഞു: "ഉമറേ! അയാളെ വിട്ടയക്കുക. ഒരുപക്ഷേ, അദ്ദേഹം നിങ്ങളുടെ പ്രശംസ പിടിച്ചുപറ്റുന്ന ഒരു പദവിയിലെത്തുന്ന സമയം വരും." ഹദ്റത്ത് ഉമർؓഅദ്ദേഹത്തിന് ശിക്ഷ നൽകാനാഗ്രഹിച്ചപ്പോൾ നബിﷺതിരുമേനി പറഞ്ഞു: "അരുത്, ഒന്നും ചെയ്യരുത്. ഒരു സമയം വരും, അദ്ദേഹം ഒരിടത്തുനിന്നു പ്രസംഗിക്കുകയും നിങ്ങൾ അദ്ദേഹത്തെ പ്രശംസിക്കുകയും ചെയ്യും."

അദ്ദേഹം പറയുന്നു: "ആ സമയം നബിﷺതിരുമേനിയുടെ വിയോഗ സമയത്ത് വന്നു. മക്കയിലെ ആളുകൾ ആശയക്കുഴപ്പത്തിലായി. മക്കക്കാർ മതമുപേക്ഷിക്കുന്നതു ഖുറയ്ശികൾ കണ്ടപ്പോൾ, നബിﷺതിരുമേനി മക്കയുടെ ഭരണാധികാരിയായി നിയമിച്ച ഹദ്റത്ത് അത്താബ്

ബിൻ അസീദ് ഉമവി ഒളിച്ചോടി. ഇത്തരം ഒരു മോശം സാഹചര്യം വന്നപ്പോൾ, ഹദ്റത്ത് സുഹയ്ൽ ബിൻ അംറ് എഴുന്നേറ്റ് പ്രസംഗിച്ചു. "ഖുറയ്ശികളേ!നിങ്ങൾ അവസാനം ഇസ്‌ലാം സ്വീകരിച്ചവരാണ്. അവസാനം ഇസ്‌ലാം സ്വീകരിക്കുകയും ആദ്യമായി മതമുപേക്ഷിക്കുന്നവരാകുകയുമരുത്. അല്ലാഹുവാണെസത്യം! ഈ മതം ചന്ദ്രനും സൂര്യനും ഉദിച്ചതുമുതൽ അസ്തമിക്കുന്നതുവരെ വ്യാപിക്കുന്നതുപോലെ വ്യാപിക്കും'. ഈ പ്രസംഗം മക്കയിലെ ആളുകളുടെ ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തി, അവർ മതപരിത്യാഗം ഉപേക്ഷിച്ചു. ഒളിച്ചോടിയ ഹദ്റത്ത് അത്താബ് ബിൻ അസീദ് ഉമവിയെ തിരിച്ചുവിളിച്ചു. അങ്ങനെ ഖുറയ്ശികൾ ഇസ്‌ലാമിൽ ഉറച്ചുനിന്നു.*(ഉസുദുൽഗാബ വാള്യം 2, പേജ് 585, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)*

ഹദ്റത്ത് ഉത്ബയുടെയും മുഅത്തിബിന്റെയും ഇസ്‌ലാം സ്വീകരണത്തെക്കുറിച്ചും എഴുതിയിട്ടുണ്ട്. ഹദ്റത്ത് അബ്ബാസിൽﷺനിന്ന് നിവേദനം: "മക്കാവിജയ ദിവസം നബിﷺതിരുമേനി മക്കയിൽ വന്നപ്പോൾ അവിടന്ന് എന്നോടു ചോദിച്ചു: താങ്കളുടെ പിതൃസഹോദരന്റെ മകനായ അബൂലഹബിന്റെ മക്കൾ ഉത്ബയും മുഅത്തിബും എവിടെയാണുള്ളത്? ഞാൻ പറഞ്ഞു: ഞാൻ അവരെ കണ്ടില്ല. നബിﷺ തിരുമേനി ചോദിച്ചു: അവർ എവിടെയാണെന്ന് എനിക്കറിയില്ല. ഹദ്റത്ത് അബ്ബാസ് പറഞ്ഞു: മറ്റെല്ലാ സത്യനിഷേധികളെയും പോലെ അവർ മാറിനിൽക്കുകയാണ്. നബിﷺതിരുമേനി പറഞ്ഞു: അവരെ എന്റെ അടുത്ത് കൊണ്ടുവരിക. ഹദ്റത്ത് അബ്ബാസ് ഒരു ഒട്ടകപ്പുറത്തുകയറി അറഫാമൈതാനത്തിനടുത്തുള്ള ഉറന താഴ്‌വരയിൽ പോയി അവരെ കൂട്ടിക്കൊണ്ടുവന്നു. നബിﷺതിരുമേനി അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവർ ഇസ്‌ലാം സ്വീകരിക്കുകയും അനുസരണപ്രതിജ്ഞയെടുക്കുകയും ചെയ്തു. പിന്നീട് നബിﷺതിരുമേനി എഴുന്നേറ്റ് അവരുടെ കൈകൾ പിടിച്ച് മുൽതസിമിന്റെ അടുത്തു കൊണ്ടുവന്നു. ഹജ്റുൽ അസ്‌വദിനും കഅ്ബയുടെ വാതിലിനുമിടയിലുള്ള ഈ സ്ഥലം പ്രത്യേകിച്ച് ദുആകൾ സ്വീകരിക്കപ്പെടുന്ന സ്ഥലമാണ്, നബിﷺതിരുമേനി അവിടെ കുറച്ചുനേരം ദുആ ചെയ്തു, പിന്നീട് മടങ്ങിപ്പോയി. നബിﷺതിരുമേനിയുടെ മുഖത്ത് സന്തോഷം കാണാമായിരുന്നു. ഹദ്റത്ത് അബ്ബാസ് പറഞ്ഞു: "യാ റസൂലല്ലാഹ്, അല്ലാഹു അങ്ങയെ സദാ സന്തോഷവാനാക്കട്ടെ, അങ്ങയുടെ മുഖത്ത് ഞാൻ സന്തോഷം കാണുന്നു." അവിടന്ന് പറഞ്ഞു: 'എന്റെ രണ്ട് പിതൃസഹോദരന്മാരുടെ മക്കളെ ഞാൻ എന്റെ റബ്ബിനോട് ചോദിച്ചു, അല്ലാഹു എനിക്ക് അവരെ പ്രദാനം ചെയ്തു.'*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 250, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇനി സ്വഫ്‌വാൻ ബിൻ ഉമയ്യയുടെ ഇസ്‌ലാം സ്വീകരണത്തെക്കുറിച്ചാണ്. സ്വഫ്‌വാൻ ബിൻ ഉമയ്യ, മക്കയിലെ നേതാവായിരുന്ന ഉമയ്യ ബിൻ ഖലഫിന്റെ മകനായിരുന്നു. അദ്ദേഹം ജാഹിലിയ്യാ കാലത്ത് ഖുറയ്ശികളിപ്പെട്ട പ്രമുഖരിൽ ഒരാളായിരുന്നു . ഖുറയ്ശികളുടെ ഇടയിൽ വലിയ വാഗ്മിയും ഇസ്‌ലാമിന്റെ കടുത്ത ശത്രുവുമായിരുന്നു. മക്കയിൽ മുസ്‌ലിമീങ്ങളെ പീഡിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്തവരിലൊളായിരുന്നു. ബദ്ർ യുദ്ധത്തിനുശേഷം ഇയാൾ നബിﷺതിരുമേനിയെ വധിക്കാൻ ഗൂഢാലോചന നടത്തുകയും ഉമയ്ർ ബിൻ വഹബിനെ ഇതിന് തയ്യാറാക്കുകയും ചെയ്തിരുന്നു.

വധിക്കാൻ കൽപ്പിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഇയാളുടെ പേരുണ്ടായിരുന്നില്ലെങ്കിലും, താൻ കൊല്ലപ്പെടുമെന്ന് കരുതി മക്കയിൽനിന്ന് പലായനം ചെയ്തു. ഇയാൾ ചെങ്കടലിലേക്ക്, അതായത് ജിദ്ദയിലേക്കോടിപ്പോയി. ഇയാളുടെ സുഹൃത്തായിരുന്ന ഉമയ്ർ ബിൻ വഹബ് ഇസ്‌ലാം സ്വീകരിച്ചിരുന്നു. നബിﷺതിരുമേനിയെ വധിക്കാൻവേണ്ടി ഇയാളെ മദീനയിലേക്ക് അയച്ചതും ഇതേ ഉമയ്ർ തന്നെയായിരുന്നു. ആ സമയത്ത് സ്വഫ്‌വാൻ പറഞ്ഞിരുന്നത് നീ അദ്ദേഹത്തെ കൊന്നാൽ നിന്റെ കുടുംബത്തിന്റെ ഉത്തരവാദിത്തവും ചെലവും താൻ ഏറ്റെടുക്കും എന്നാണ്. പക്ഷേ, ഉമൈർ മദീനയിലെത്തിയപ്പോൾ നബിﷺതിരുമേനിക്ക് അവരുടെ എല്ലാ പദ്ധതികളും അല്ലാഹു അറിയിച്ചു. ഈ അത്ഭുതം കണ്ട ഉമയ്ർ തൽക്ഷണം ഇസ്‌ലാം സ്വീകരിച്ചു. ഇപ്പോൾ മക്കാവിജയ സമയത്ത് ഉമയ്റിന് തന്റെ സുഹൃത്തായ സ്വഫ്‌വാൻ ഇസ്‌ലാം സ്വീകരിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഹദ്റത്ത് ഉമയ്ർ ബിൻ വഹബ് നബിﷺതിരുമേനിയുടെ അടുത്തുചെന്ന് പറഞ്ഞു: "യാ റസൂലല്ലാഹ്, സ്വഫ്‌വാൻ എന്റെ ഗോത്രത്തിന്റെ നേതാവാണ്. അങ്ങയെ ഭയന്ന് അവൻ പലായനം ചെയ്തുപോയി. അങ്ങ് അവന് അഭയം നല്കണം." നബിﷺതിരുമേനി പറഞ്ഞു: 'അവന് അഭയമുണ്ട്.' അപ്പോൾ ഉമയ്ർ ആവശ്യപ്പെട്ടു: അവന് അഭയം ലഭിച്ചതിന്റെ ഒരു അടയാളം എനിക്ക് നല്കിയാലും. അപ്പോൾ നബിﷺതിരുമേനി താൻ ധരിച്ചിരുന്ന തന്റെ തലപ്പാവ് ഊരി അവന് നല്കി. ഹദ്റത്ത് ഉമയ്ർ യാത്ര തുടങ്ങി, കപ്പൽക്കയറാൻ പോവുകയായിരുന്ന സ്വഫ്‌വാനെ പിന്തുടർന്നുപോയി. ഹദ്റത്ത് ഉമയ്ർ അവനോടു പറഞ്ഞു: "എല്ലാ ജനങ്ങളെക്കാളും വലിയ പരിശുദ്ധനും ബന്ധങ്ങൾ നിലനിറുത്തുന്നവനുമായ ഒരാളുടെ അടുത്തുനിന്നാണ് ഞാൻ വരുന്നത്. നീ സ്വയം നിന്നെ നാശത്തിൽ വീഴ്ത്തരുത്. ഞാൻ താങ്കൾക്കുവേണ്ടി നബിﷺതിരുമേനിയുടെ അഭയം കൊണ്ടുവന്നിരിക്കുന്നു. സ്വഫ്‌വാൻ പറഞ്ഞു: എനിക്ക് അറിയാവുന്ന അങ്ങയുടെ ഒരു അടയാളം കാണിക്കാതെ ഞാൻ താങ്കളോടൊപ്പം വരില്ല. അപ്പോൾ ഉമയ്ർ നബിﷺതിരുമേനിയുടെ തലപ്പാവ് അവനെ കാണിച്ചു. സ്വഫ്‌വാൻ ഹദ്റത്ത് ഉമയ്റിനൊപ്പം മടങ്ങി. നബിﷺതിരുമേനിയുടെ അടുത്തെത്തിയപ്പോൾ നബിﷺ തിരുമേനി സ്വഹാബാക്കളോടൊപ്പം അസ്ർ നമസ്കരിക്കുകയായിരുന്നു. നബിﷺതിരുമേനി സലാം വീട്ടിയപ്പോൾ സ്വഫ്‌വാൻ ഉച്ചത്തിൽ പറഞ്ഞു: "യാ മുഹമ്മദ്ﷺ! ഉമയ്ർ എന്റെ അടുത്ത് താങ്കളുടെ വസ്ത്രം കൊണ്ടുവന്നു, താങ്കളെനിക്ക് അഭയം നൽകിയിട്ടുണ്ടെന്ന് പറഞ്ഞിരിക്കുന്നു." നബിﷺതിരുമേനി പറഞ്ഞു: 'അതു ശരിയാണ്.' സ്വഫ്‌വാൻ പറഞ്ഞു: "എനിക്ക് രണ്ടുമാസത്തെ സമയം തരണം, എനിക്കിപ്പോൾ ഇസ്‌ലാം സ്വീകരിക്കാൻ കഴിയില്ല." നബിﷺതിരുമേനി പറഞ്ഞു:"നാലുമാസത്തെ സമയം തന്നിരിക്കുന്നു, താങ്കൾ ഇസ്‌ലാം സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു." സ്വഫ്‌വാൻ ഒരു അവിശ്വാസിയായി മക്കയിൽ താമസിച്ചു. പിന്നീട് ഹുനയ്ൻ, ത്വാഇഫ് യുദ്ധങ്ങൾക്കുശേഷം നബിﷺതിരുമേനി ഹവാസിനിലേക്ക് പോയി യുദ്ധമുതൽ വിതരണം ചെയ്തു. സ്വഫ്‌വാൻ അവിടെ ഒരു താഴ്‌വരയിലേക്ക് നോക്കി നിൽക്കുന്നത് നബിﷺ തിരുമേനി കണ്ടു, ആ താഴ്‌വര ആടുകളെക്കൊണ്ട് നിറഞ്ഞിരുന്നു. സ്വഫ്‌വാൻ അതിൽത്തന്നെ നോക്കിനിൽക്കുകയായിരുന്നു. നബിﷺതിരുമേനിയും സ്വഫ്‌വാൻ താഴ്‌വരയിലേക്ക് നോക്കിനിൽക്കുന്നതുകണ്ടു. നബിﷺതിരുമേനി ചോദിച്ചു: "ഈ താഴ്‌വര അങ്ങയെ അത്ഭുതപ്പെടുത്തിയോ? എത്രമാത്രം സമ്പത്താണ് ഈ താഴ്‌വരയിലുള്ളത്!" സ്വഫ്‌വാൻ പറഞ്ഞു: "അതെ." നബിﷺതിരുമേനി പറഞ്ഞു: "ഈ താഴ്‌വരയും അതിലുള്ളതെല്ലാം താങ്കളുടേതാണ്. ഇതെല്ലാം എടുത്തുകൊള്ളൂ." സ്വഫ്‌വാൻ ആ മുഴുവൻ സമ്പത്തും സ്വന്തമാക്കി. എന്നിട്ട് പറഞ്ഞു: "ഒരു നബിയുടെ ഉദാരമനസ്കതയ്ക്കു സമാനമായി ഔദാര്യം കാണിക്കാൻ മറ്റാർക്കും കഴിയില്ല. അല്ലാഹു അല്ലാതെ വേറൊരാരാധ്യനുമില്ലെന്നും മുഹമ്മദ്ﷺഅല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു." ഇതു പറഞ്ഞ് അപ്പോൾത്തന്നെ ഇസ്‌ലാം സ്വീകരിച്ചു.

സ്വഫ്‌വാൻ ഹിജ്റ 42-ൽ മുആവിയയുടെ ഭരണകാലത്ത് മക്കയിൽവെച്ച് മരണപ്പെട്ടു. ചിലർ പറയുന്നത്, ഹദ്റത്ത് ഉഥ്മാന്റെ കലാപകലുഷിതമായ രക്തസാക്ഷിത്വസമയത്ത് അദ്ദേഹം രക്തസാക്ഷിത്വം വഹിച്ചുവെന്നാണ്. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 253-254 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത ഹൽബിയ്യ, വാള്യം 3, പേജ് 135, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫത്ഹെ മക്ക, മുഹമ്മദു ബാശമീൽ, പേജ് 321-325, നഫീസ് അക്കാഡമി കറാച്ചി) (ഉസുദുൽഗാബ വാള്യം 3, പേജ് 24-25, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ﷺഎം.എ. പേജ് 297)ഇബ്നു ഹിശാം, പേജ് 449, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മക്കാവിജയ വേളയിൽ ഇസ്‌ലാം സ്വീകരിച്ച ഈ മക്കയിലെ നേതാക്കന്മാരിൽ ഭൂരിഭാഗമാളുകളും പിന്നീട് അവരുടെ ജീവിതത്തിൽ വലിയ ആത്മീയ പരിവർത്തനമാണ് വരുത്തിയത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ ഇക്കാര്യം വിവരിച്ചുകൊണ്ട് പറയുന്നു: "ഒരു തവണ ഹദ്റത്ത് ഉമർﷺ, തന്റെ ഭരണകാലത്ത്

മക്കയിൽ വന്നപ്പോൾ പ്രമുഖ കുടുംബങ്ങളിൽപ്പെട്ട വലിയ നേതാക്കന്മാർ അദ്ദേഹത്തെ കാണാൻ വന്നു. ഹദ്റത്ത് ഉമർ തങ്ങളുടെ കുടുംബങ്ങളെക്കുറിച്ച് നന്നായി അറിയുന്നതിനാൽ, അദ്ദേഹം ഞങ്ങളെ ആദരിക്കുകയും ഞങ്ങൾക്ക് നഷ്ടപ്പെട്ട ബഹുമാനം തിരികെ ലഭിക്കുമെന്നും അവർ വിചാരിച്ചു. അവർ വന്ന് ഹദ്റത്ത് ഉമർؓനോട് സംസാരിക്കാൻ തുടങ്ങി. അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് ബിലാൽؓആ സദസ്സിൽവന്നു. കുറച്ചു കഴിഞ്ഞ് ഹദ്റത്ത് ഖബ്ബാബ് വന്നു. അങ്ങനെ ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ച അടിമകളോരോരുത്തരായി വന്നു. ഇവർ ഈ നേതാക്കന്മാരുടെയോ അല്ലെങ്കിൽ അവരുടെ പൂർവ്വികരുടെയോ അടിമകളായിരുന്നു. ഏതായാലും, ആ നേതാക്കന്മാർ അവിടെ ഇരുന്നു. ഞാൻ പറഞ്ഞതുപോലെ ഈ വന്നവരെല്ലാം അവരുടെ പൂർവ്വികരുടെ അടിമകളായിരുന്നു. അവർ അടിമകളായിരുന്നപ്പോൾ, അവരുടെ ശക്തിയുടെ കാലത്ത് ഈ നേതാക്കന്മാർ അവരെ വളരെ ക്രൂരമായി ഉപദ്രവിച്ചിരുന്നു. ഹദ്റത്ത് ഉമർؓ ഓരോ അടിമയും വരുമ്പോൾ അവരെ സ്വീകരിച്ചു. അതായത്, മുൻകാലത്തെ അടിമകളെ ഇന്നത്തെ ബഹുമാനപ്പെട്ട വ്യക്തികളായി സ്വീകരിച്ചു." ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഎഴുതുന്നു: "ഹദ്റത്ത് ഉമർؓ ഓരോ അടിമയുടെയും വരവിൽ നേതാക്കന്മാരെപ്പോലെ അവരെ സ്വീകരിക്കുകയും നേതാക്കന്മാരോടു അല്പം പിന്നോട്ടു മാറാൻ പറയുകയും ചെയ്തു. നേതാക്കന്മാർ സദസ്സിൽ മുന്നിലായിരുന്നു ഇരുന്നിരുന്നത്. ഈ ആദ്യകാല മുസ്‌ലിമീങ്ങൾ വരുമ്പോൾ ഹദ്റത്ത് ഉമർؓമക്കയിലെ പ്രമുഖരോടു പിന്നോട്ടു മാറാൻ കൽപ്പിച്ചു. അവസാനം ഹദ്റത്ത് ഉമറിനെ കാണാൻ വന്ന മക്കയിലെ യുവപ്രമുഖർക്ക് പടിവാതിൽവരെ പിന്നാക്കം പോകേണ്ടിവന്നു. കാരണം, അന്ന് വലിയ ഹാളുകളുണ്ടായിരുന്നില്ല, ഒരു ചെറിയ മുറിയായിരുന്നു. എല്ലാവരും അതിൽ കൊള്ളുമായിരുന്നില്ല. പിറകോട്ട് പോയിപ്പോയി ഒടുവിൽ, ഈ പ്രമുഖർക്ക് ചെരിപ്പുകൾവെക്കുന്ന സ്ഥലത്ത് ഇരിക്കേണ്ടിവന്നു. മുസ്‌ലിം അടിമകൾ ഓരോരുത്തരായി വരുകയും അവരെ മുമ്പിലിരുത്താനായി തങ്ങൾക്ക് പിറകിലിരിക്കാൻ കൽപ്പന ലഭിക്കുകയും ചെയ്തതു കണ്ടപ്പോൾ ആ പ്രമുഖരുടെ ഹൃദയം വ്രണിതമായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഎഴുതുന്നു: "അല്ലാഹു പൂർവകാലത്ത് സത്യനിഷേധികളുടെ അടിമകളായിരുന്ന അത്തരത്തിലുള്ള ചില മുസ്‌ലിമീങ്ങളെ ആ സദസ്സിലെത്തിച്ചു. ഒരു തവണ മാത്രമാണ് ഈ പ്രമുഖർ പിന്നോട്ടു നീങ്ങിയിരുന്നതെങ്കിൽ അവർക്കത് ഒരു ബുദ്ധിമുട്ടായി തോന്നില്ലായിരുന്നു. എന്നാൽ, അവർക്ക് വീണ്ടും വീണ്ടും പിറകോട്ട് നീങ്ങേണ്ടിവന്നു. ഇത് അവർക്ക് സഹിക്കാൻ കഴിഞ്ഞില്ല, അതിനാൽ അവരെഴുന്നേറ്റ് പുറത്തുപോയി. പുറത്തിറങ്ങിയ ശേഷം അവർ പരസ്പരം പരാതി പറഞ്ഞു, ഇന്ന് നമുക്ക് വലിയ അപമാനമുണ്ടായിരിക്കുന്നു. ഓരോ അടിമയുടെ വരവിലും നമ്മെ പിന്നോട്ട് മാറ്റി, ഒടുവിൽ നമ്മൾ ചെരിപ്പുകളുടെ അടുത്തെത്തി. ഇത് കേട്ടപ്പോൾ ഒരു ചെറുപ്പക്കാരൻ ചോദിച്ചു: ഇതിൽ തെറ്റ് ആരുടെതാണ്? ഹദ്റത്ത് ഉമറിന്റേതാണോ അതോ നമ്മുടെ പിതാക്കന്മാരുടെതാണോ? നിങ്ങൾ ചിന്തിച്ചാൽ മനസ്സിലാകും, ഇതിൽ ഹദ്റത്ത് ഉമറിന്റെ ഒരു തെറ്റുമില്ല. ഇത് നമ്മുടെ പിതാക്കന്മാരുടെ തെറ്റാണ്, അതിന്റെ ശിക്ഷയാണ് ഇന്ന് നമുക്ക് ലഭിച്ചത്. കാരണം, അല്ലാഹു അവന്റെ റസൂലിനെ നിയോഗിച്ചപ്പോൾ നമ്മുടെ പിതാക്കന്മാർ അദ്ദേഹത്തെ എതിർത്തു. എന്നാൽ, ഈ അടിമകൾ അദ്ദേഹത്തെ സ്വീകരിക്കുകയും എല്ലാ ബുദ്ധിമുട്ടുകളും സന്തോഷത്തോടെ സഹിക്കുകയും ചെയ്തു. അതിനാൽ, ഇന്ന് നമ്മൾ ഈ സദസ്സിൽ അപമാനിതരായതിൽ ഹദ്റത്ത് ഉമറിന് ഒരു പങ്കുമില്ല. തെറ്റു നമ്മുടേതാണ്. അവന്റെ ഈ വാക്കുകൾ കേട്ടപ്പോൾ മറ്റുള്ളവർ ചോദിച്ചു: ഇത് നമ്മുടെ പിതാക്കന്മാരുടെ തെറ്റിന്റെ ഫലമാണെന്ന് ഞങ്ങൾ സമ്മതിക്കുന്നു. എന്നാൽ, ഈ അപമാനം ഇല്ലാതാക്കാൻ വല്ല പോംവഴിയുമുണ്ടോ? അവർ പരസ്പരം ആലോചിച്ചു, എന്നാൽ, അവരുടെ മുമ്പിൽ ഒരു വഴിയും തെളിഞ്ഞില്ല. അതിനാൽ അവർ ഹദ്റത്ത് ഉമറിനോടുതന്നെ ചോദിക്കാൻ തീരുമാനിച്ചു. അവർ ഹദ്റത്ത് ഉമറിന്റെ അടുത്തെത്തി ചോദിച്ചു: ഇന്ന് ഞങ്ങൾക്ക് സംഭവിച്ചത് താങ്കൾക്കും ഞങ്ങൾക്കും നന്നായി അറിയാം. ഹദ്റത്ത് ഉമർ പറഞ്ഞു: എന്നോട് ക്ഷമിക്കുക, ഞാൻ നിർബന്ധിതനായിരുന്നു. കാരണം, ഇവർ റസൂലുല്ലാഹിﷺയുടെ സദസ്സിൽ ആദരണീയരായിരുന്നു. അവർ ഒരുപക്ഷേ, നിങ്ങളുടെ അടിമകളായിക്കും. പക്ഷേ, റസൂലുല്ലാഹി ﷺയുടെ സദസ്സിൽ അവർ ബഹുമാനിതരായിരുന്നു. അതിനാൽ, അവരെ ബഹുമാനിക്കേണ്ടത് എന്റെയും കടമയായിരുന്നു." അവർ പറഞ്ഞു: "ഇത് ഞങ്ങളുടെ തന്നെ തെറ്റാണെന്ന് ഞങ്ങൾക്കറിയാം. എന്നാൽ, ഈ അപമാനം നീക്കാനുള്ള വല്ല വഴിയുമുണ്ടോ?" ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു, 'ഇന്ന് നമുക്ക് മക്കയിലെ ഈ പ്രമുഖരുടെ സ്വാധീനം എത്രമാത്രം വലുതായിരുന്നെന്ന് മനസ്സിലാക്കാൻ പ്രയാസമാണ്. ഹദ്റത്ത് ഉമറിന് അവരുടെ കുടുംബങ്ങളെക്കുറിച്ച് നന്നായി അറിയാമായിരുന്നു. കാരണം അദ്ദേഹം മക്കയിൽത്തന്നെ ജനിച്ച് വളർന്ന വ്യക്തിയായിരുന്നു. ആ യുവാക്കളുടെ പിതാക്കന്മാരും പിതാമഹന്മാരും എത്രമാത്രം ആദരണീയരായിരുന്നുവെന്നും അവരുടെ മുൻപിൽ കണ്ണുയർത്തിനോക്കാൻ പോലും ആർക്കും ധൈര്യമുണ്ടായിരുന്നില്ലെന്നും അവരുടെ സ്ഥാനമാഹാത്മ്യങ്ങളും പ്രതാപവും എത്രമാത്രമായിരുന്നെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു.

അവർ ഇക്കാര്യം പറഞ്ഞപ്പോൾ, ഹദ്റത്ത് ഉമറിന് ആ സംഭവങ്ങളെല്ലാം ഓർമ വന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. ഈ സമയത്ത് ദുഃഖം നിമിത്തം അദ്ദേഹത്തിന് സംസാരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം കൈ ഉയർത്തി വടക്കോട്ട് വിരൽ ചൂണ്ടി, അതായത്, വടക്കുഭാഗത്തുള്ള സിറിയയിൽ ചില ഇസ്‌ലാമിക യുദ്ധങ്ങൾ നടക്കുന്നുണ്ട്, അതിൽ നിങ്ങൾ പങ്കെടുത്താൽ ഒരുപക്ഷേ, നിങ്ങളുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുമെന്ന് അദ്ദേഹം സൂചന നല്കി. അവർ ഉടൻതന്നെ അവിടെനിന്നെഴുന്നേറ്റ് ആ യുദ്ധത്തിൽ ചേരാൻ പുറപ്പെട്ടു. ചരിത്രം പറയുന്നു, ആ പ്രമുഖരിൽ ഒരാൾപോലും ജീവനോടെ മടങ്ങിവന്നില്ല. എല്ലാവരും അവിടെ രക്തസാക്ഷികളായി. അങ്ങനെ അവർ തങ്ങളുടെ കുടുംബങ്ങളുടെ മേലുണ്ടായിരുന്ന കളങ്കം നീക്കി."*(തഫ്സീറെ കബീർ, വാള്യം 11, പേജ് 97-99)*

യർമൂക് യുദ്ധത്തിൽ ഈ പ്രമുഖർ അഭിനന്ദനാർഹമായ ധൈര്യവും വിശ്വസ്തതയും കാണിച്ചെന്ന് വിവരിക്കപ്പെടുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു: "യുദ്ധം അവസാനിച്ചപ്പോൾ മുസ്‌ലിമീങ്ങൾ ഇക്‌രിമയേയും കൂട്ടരേയും തിരഞ്ഞു. അവർ കണ്ടത് പന്ത്രണ്ടുപേർ ഗുരുതരമായി പരിക്കേറ്റു കിടക്കുന്നതാണ്. അതിലൊരാൾ ഇക്‌രിമയായിരുന്നു. ഒരു മുസ്‌ലിം സൈനികൻ ഇക്‌രിമയുടെ അടുത്തു വന്നു, അദ്ദേഹത്തിന്റെ മോശമായ സ്ഥിതികണ്ട് തന്റെ പക്കൽ ഒരുതോൽ സഞ്ചിയിൽ കുറച്ച് വെള്ളമുണ്ട് അത് കുടിക്കണമെന്ന് പറഞ്ഞു. അപ്പോൾ ഇക്‌രിമ തിരിഞ്ഞുനോക്കിയപ്പോൾ, തൊട്ടടുത്ത് ഹദ്റത്ത് അബ്ബാസിന്റെ മകൻ ഫള്ൽ പരിക്കേറ്റു കിടക്കുന്നതുകണ്ടു. ഇക്‌രിമ ആ സൈനികനോടു പറഞ്ഞു: "ഞാൻ അല്ലാഹുവിന്റെ റസൂലിനെ എതിർത്ത സമയത്ത് അദ്ദേഹത്തെ സഹായിച്ചവരും അവരുടെ മ

• ഹദീഥുന്നബ്‌വിﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വിﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ക്കളും ദാഹിച്ചു മരിക്കുമ്പോൾ ഞാൻ വെള്ളം കുടിക്കുന്നതിന് എന്റെ അഭിമാനം അനുവദിക്കുന്നില്ല. അവരിൽ പരസ്പരം ത്യാഗത്തിന്റെ ഒരു പുതിയ വികാരം ഉടലെടുത്തിരുന്നു. അതിനാൽ, ആദ്യം ഫള്ൽ ബിൻ അബ്ബാസിന് വെള്ളം കൊടുക്കാൻ അദ്ദേഹം പറഞ്ഞു, ബാക്കിയുണ്ടെങ്കിൽ തനിക്ക് തന്നാൽ മതിയെന്നും പറഞ്ഞു. ആ സൈനികൻ ഹദ്റത്ത് ഫള്ലിന്റെ അടുത്തെത്തിയപ്പോൾ, അദ്ദേഹം തന്റെ സമീപത്തെ പരിക്കേറ്റ വ്യക്തിയെ ചൂണ്ടി, ആദ്യം അയാൾക്ക് വെള്ളം കൊടുക്കുക അയാൾ എന്നെക്കാൾ അർഹനാണെന്ന് പറഞ്ഞു. ഈ രീതിയിൽ ഓരോരുത്തരും അടുത്താൾക്ക് വെള്ളം കൊടുക്കുക അയാൾ എന്നെക്കാൾ അർഹനാണെന്ന് പറഞ്ഞു. ആരും വെള്ളം കുടിച്ചില്ല. ആ സൈനികൻ അവസാനത്തെ വ്യക്തിയുടെ അടുത്തെത്തിയപ്പോഴേക്കും അദ്ദേഹം മരിച്ചിരുന്നു. അങ്ങനെ അദ്ദേഹം തിരികെ ഓരോരുത്തരുടെയും അടുത്തുവരുമ്പോൾ അവരെല്ലാം മരിച്ചതാണ് കണ്ടത്. അവസാനം ഇക്രിമയുടെ അടുത്തെത്തിയപ്പോഴേക്കും അദ്ദേഹവും മരിച്ചിരുന്നു.*(ഹർ അഹ്മദി ഔരത്ത് അഹ്മദിയ്യത്ത് കി സ്വദാഖത്ത് കാ ഏക് സിൻദ നിശാൻ ഹെ, അൻവാറുൽ ഉലൂം വാല്യം 26 പേജ് 230-231)*

ദഅ്വത്തെ ഇലല്ലാഹിനും അഥവാ ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നതിനും വിഗ്രഹങ്ങൾ തകർക്കുന്നതിനും നബിﷺതിരുമേനി കുറച്ച് ചെറിയ ചെറിയ സംഘങ്ങളെ തയ്യാറാക്കി അയച്ചിരുന്നു. അതുസംബന്ധിച്ച് ഇപ്രകാരം വന്നിരിക്കുന്നു: 'മക്കാവിജയത്തിനുശേഷം, നബിﷺതിരുമേനി വിവിധ സ്ഥലങ്ങളിലേക്ക് ചെറിയ ചെറിയ സംഘങ്ങളെ അയച്ചു. അവരുടെ പ്രധാന ലക്ഷ്യം യുദ്ധം ചെയ്യുകയല്ലായിരുന്നു. പ്രത്യുത അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നതായിരുന്നു. അതോടൊപ്പം ഏകദൈവവിശ്വാസത്തിന് തടസ്സമായി നിന്നിരുന്ന ചില സ്ഥലങ്ങളിലെ വിഗ്രഹങ്ങൾ നശിപ്പിക്കുക എന്നതും അവരുടെ ലക്ഷ്യമായിരുന്നു. വിഗ്രഹങ്ങളോടു അവരുടെ മനസ്സിൽ ഒരു തരത്തിലുള്ള ഭയം നിലനിന്നിരുന്നു. ഈ ഭയം ഏകദൈവവിശ്വാസം സ്വീകരിക്കുന്നതിൽ അവർക്ക് വിഘാതമായി നിന്നു. അറബികളിൽ ഭൂരിഭാഗമാളുകളുടെയും മനസ്സിൽ മൂന്ന് വിഗ്രഹങ്ങൾക്ക് അഥവാ ദേവതകൾക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. അവയുടെ പേരുകൾ ലാത്ത്, മനാത്ത്, ഉസ്സ എന്നായിരുന്നു. ലാത്ത് എന്ന ദേവത ത്വാഇഫിലായിരുന്നു. അറബ് ലോകത്ത് ഇതിന് വലിയ സ്ഥാനമുണ്ടായിരുന്നു, ആളുകൾ ഇതിന്റെ പേരിൽ സത്യം ചെയ്യുകയും നിവേദ്യങ്ങൾ അർപ്പിക്കുകയും ചെയ്തിരുന്നു. അറബികളിൽ വിഗ്രഹാരാധനയുടെ തുടക്കക്കാരനായി കരുതപ്പെടുന്ന അംറ് ബിൻ ലുഹയ്, അല്ലാഹു ശൈത്യകാലത്ത് ത്വാഇഫിൽ ലാത്തിന്റെ അടുത്തും വേനൽക്കാലത്ത് ഉസ്സയുടെ അടുത്തും സമയം ചെലവഴിക്കുന്നുവെന്ന് ആളുകളുടെ മനസ്സിൽ ഒരു മിഥ്യാധാരണ ഉണ്ടാക്കി. മനാത്ത് അറബികളുടെ ഏറ്റവും പഴയ വിഗ്രഹമായിരുന്നു. ഇത് മക്കയ്ക്കും മദീനയ്ക്കുമിടയിൽ ഒരു കടൽത്തീരമായ ഖുദയ്ദിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. അറബികൾ ഇതിനെ ബഹുമാനിക്കുകയും ഇതിന് ബലി അർപ്പിക്കുകയും ചെയ്തിരുന്നു. പ്രത്യേകിച്ച് ഔസ്, ഖസ്റജ് ഗോത്രക്കാർ മനാത്തിനെ വളരെയധികം ബഹുമാനിച്ചിരുന്നു. അവർ മനാത്തിന്റെ പേരിൽ ഇഹ്റാം കെട്ടുകയും അതിനെ ബഹുമാനിച്ച് സഫയ്ക്കും മർവയ്ക്കുമിടയിൽ സഅ്യ്(ഓടുകയും) ചെയ്യാറുമുണ്ടായിരുന്നു. ഹജ്ജ് ചെയ്യുമ്പോൾ അവർ തല മുണ്ഡനം ചെയ്യാറില്ലായിരുന്നു. മറിച്ച്, മടക്കയാത്രയിൽ മനാത്തിന്റെ അടുത്തുചെന്ന് അവിടെവെച്ച് തല മുണ്ഡനം ചെയ്യുകയും അവിടെ തങ്ങുകയും ചെയ്താൽ മാത്രമേ അവരുടെ ഹജ്ജ് പൂർണ്ണമാകുകയുള്ളു എന്നു ധരിച്ചിരുന്നു.

ഉസ്സ: ഖുറയ്ശികളുടെ ഏറ്റവും വലിയ വിഗ്രഹമായിരുന്നു ഉസ്സ. ഇതിനെ നഖ്‌ലയുടെ അടുത്തായിരുന്നു പ്രതിഷ്ഠിച്ചിരുന്നത്. അവർ ഇതിനായി ഒരു ബലിപീഠമുണ്ടാക്കുകയും അതിൽ ബലി അർപ്പിക്കുകയും ചെയ്തിരുന്നു. ആളുകൾ കുട്ടികൾക്ക് ഇതിന്റെ പേരിടുകയും ഇതിന്റെ പേരിൽ ആണയിടുകയും ചെയ്തിരുന്നു. അറേബ്യയിൽ വിഗ്രഹാരാധനയുടെ സ്ഥാപകനായി കണക്കാക്കപ്പെട്ടിരുന്ന അംറ് ബിൻ ലുഹയ് വിഗ്രഹങ്ങളെക്കുറിച്ച് ആളുകളുടെ മനസ്സിൽ തെറ്റായ ധാരണകൾ ഉണ്ടാക്കിയിരുന്നു. അക്കാരണത്താൽ ജനങ്ങൾക്ക് ഈ വിഗ്രഹങ്ങളെ വളരെയധികം ഭയമായിരുന്നു. അവരുടെ വിശ്വാസമനുസരിച്ച് അല്ലാഹു ഈ വിഗ്രഹങ്ങളുടെ അടുത്താണ് ഓരോ കാലാവസ്ഥയിലും സമയം ചെലവഴിച്ചിരുന്നത്. ഈ കാരണത്താൽ ഉസ്സാദേവിക്ക് വലിയ സ്ഥാനമുണ്ടായി. കഅ്ബയിലേക്ക് കൊണ്ടുപോകുന്നതുപോലെ, നേർച്ചകളും നിവേദ്യങ്ങളും ഉസ്സയുടെ അടുത്തേക്കും കൊണ്ടുപോകാൻ തുടങ്ങി. ഉഹുദ് യുദ്ധത്തിൽ വിജയം നേടിയപ്പോൾ അബൂസുഫിയാൻ സന്തോഷപ്രകടനത്തിന് ഉസ്സയുടെ പേരെടുത്ത് പറഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞു: **ഇന്ന ലനാ ഉസ്സാ വലാ ഉസ്സാ ലക്കും,** ഞങ്ങൾക്ക് ഉസ്സയുണ്ട്, നിങ്ങൾക്ക് ഉസ്സയില്ല.

പൊതുവെ അറബികൾ ഈ മൂന്ന് വിഗ്രഹങ്ങളെയാണ് ബഹുമാനിച്ചിരുന്നത്. എന്നാൽ, ഉസ്സ ഖുറയ്ശികൾക്ക് പ്രത്യേകമായിരുന്നു. ലാത്ത് ബനു സഖീഫിനും മനാത്ത് ഔസ്, ഖസ്റജ് ഗോത്രങ്ങൾക്കും പ്രത്യേകമായിരുന്നു. അറബികളുടെ സങ്കൽപ്പമനുസരിച്ച് ഈ മൂന്ന് വിഗ്രഹങ്ങളും ദേവിമാരായിരുന്നു. *(അൽമുഅ്ജമുൽ ഔസത്ത് വാല്യം 2 പേജ് 386,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അല്ലുഅ്ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 9, പേജ് 202-203, 207 ദാറുസ്സലാം)(അല്ലുഅ്ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 1, പേജ് 346, ദാറുസ്സലാം)(തസ്‌വ്വുറാത്തെ അറബ് ഖബ്ൽ അസ് ഇസ്‌ലാം ഉബയ്ദുല്ലാഹ് ഖുദുസീ പേജ് 52-55)(ഇബ്നുഹിശാം പേജ് 77, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(സ്വഹീഹുൽ ബുഖാരി, കാതാബുൽജിഹാദ് ഹദീഥ് 3039)*

വിശുദ്ധ ഖുർആൻ ഈ മൂന്ന് വിഗ്രഹങ്ങളേയും കുറിച്ച് പറഞ്ഞിട്ടുണ്ട്. **അഫറയ്ത്തുമുല്ലാത്ത വൽ ഉസ്സാ വ മനാത്തഥ്ഥാലിഥത്തൽ ഉഖ്റാ-അലക്കമുദ്ദക്ര് വലഹുൽ ഉൻഥാ-തിൽക്ക ഇദൻ ഖിസ്മത്തുൻ ളീസാ-ഇൻ ഹിയ ഇല്ലാ അസ്മാഉൻ സമ്മയ്ത്തുമൂഹാ അൻതും വ ആബാഉക്കും മ്മാ അൻസലല്ലാഹു ബിഹാ മിൻ സുൽത്വാൻ ഇൻയ്യത്തബിഊന ഇല്ലള്ളന്ന വമാ തഹ്വൽ അൻഫുസു വഖദ് ജാഅഹുമ്മിൻ റബ്ബിഹിമുൽഹുദാ** ഇനി ലാത്തിന്റേയും ഉസ്സയുടേയും സ്ഥിതി ഒന്നു പറഞ്ഞുതരിക. മൂന്നാമത്തെ മറ്റൊരു ദേവതയായ മനാത്തിനെക്കുറിച്ചും. എന്ത്? നിങ്ങൾക്ക് ആൺ സന്താനങ്ങളും അവന് (അല്ലാഹുവിന്)പെൺ സന്താനങ്ങളുമോ? അങ്ങനെയാണെങ്കിൽ അത് അന്യായമായൊരു വിഭജനമാണ്. നിങ്ങളും നിങ്ങളുടെ പൂർവപിതാക്കളും സങ്കല്പിച്ചുവെച്ച ചില നാമങ്ങൾ മാത്രമാണ് അവ. അവയെ സംബന്ധിച്ച് ഒരു തെളിവും അല്ലാഹു ഇറക്കിയിട്ടില്ല. ഊഹത്തേയും ദേഹേച്ഛകളേയും മാത്രമാണ് അവർ പിന്തുടരുന്നത്. എന്നാൽ, അവർക്ക് അവരുടെ നാഥനിൽനിന്ന് മാർഗദർശനം വന്നു കഴിഞ്ഞിരിക്കുന്നു. എന്നാലും അവർ മനസ്സിലാക്കുന്നില്ല. *(അന്നജ്മ് 20-24)*

അങ്ങനെ മക്കാവിജയത്തിനുശേഷം നബിﷺതിരുമേനി ഈ വിഗ്രഹങ്ങളുടെ കേന്ദ്രങ്ങൾ നശിപ്പിക്കാൻ കൽപ്പിച്ചു. ആളുകളുടെ മനസ്സിൽനിന്ന് അവയെക്കുറി

• ഹദീഥുന്നബ്‌വിﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ച്ചുള്ള ഭയവും ബഹുമാനവും ഇല്ലാതാക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. ഈ തീരുമാനം വളരെ അനുഗ്രഹിക്കപ്പെട്ടതായി തെളിഞ്ഞു. കാരണം, ഇവ നശിപ്പിക്കപ്പെട്ടപ്പോൾ ആളുകളുടെ മനസ്സിൽനിന്ന് അവയെക്കുറിച്ചുള്ള ഭയവും പ്രതാപവും നീങ്ങിപ്പോയി, അല്ലാഹുവിന്റെ റസൂൽ മുഹമ്മദ് ﷺ അവതരിപ്പിച്ച ഏകദൈവവിശ്വാസം മാത്രമാണ് ശരിയെന്ന് അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ വിഗ്രഹങ്ങൾ എങ്ങനെയാണ് നശിപ്പിക്കപ്പെട്ടതെന്നും അതിന്റെ പ്രതികരണം എന്തായിരുന്നുവെന്നും തുടക്കത്തിൽ എന്തെങ്കിലും എതിർപ്പുകളുണ്ടായിരുന്നുവോ എന്നുമെല്ലാം ഞാൻ പിന്നീട് വിവരിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്. നമസ്കാരത്തിനുശേഷം ഞാൻ രണ്ടു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. അതിലൊന്ന് ജാം ഷോറോ ഹൈദരാബാദിൽ നിന്നുള്ള ചൗദരീ അബ്ദുൽ ഗഫൂർ സാഹിബ് ഇബ്നു ചൗദരീ ഗുലാം ഖാദിർ സാഹിബിന്റേതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം 92-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹം ഒരു ഭൂവുടമ കുടുംബത്തിൽ നിന്നുള്ളയാളായിരുന്നു. 1900-കളുടെ തുടക്കത്തിൽ ബഗൂഡാ കോട്ടിൽനിന്ന് കോട്ടുഅഹ്മദിയ്യയിലേക്ക് താമസം മാറി. അദ്ദേഹത്തിന്റെ പിതാവ് ഖിലാഫത്തിനോടും ജമാഅത്തിനോടുമുള്ള സ്നേഹം കാരണം 1942-ൽ അദ്ദേഹത്തെ മതപരവും ഭൗതികവുമായ വിദ്യാഭ്യാസത്തിന് ഖാദിയാനിൽ അയച്ചു. അവിടെ ചൗദരീ സാഹിബ് പാകിസ്താൻ വിഭജനംവരെ പഠനം നടത്തി. കൂടാതെ അവിടുത്തെ മഹാന്മാരുടേയും സ്വഹാബാക്കളുടെയും സഹവാസം അദ്ദേഹത്തിന് ലഭിച്ചു. പാകിസ്താനിൽ വന്നശേഷം ചൗദരീ ഗഫൂർ സാഹിബ് തന്റെ വിദ്യാഭ്യാസം ചിനിയോട്ടിലും റബ്‌വയിലും പൂർത്തിയാക്കി. പിന്നീട് കറാച്ചിയിൽനിന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം നേടി. 1993-ൽ വിരമിച്ചശേഷം അദ്ദേഹം തന്റെ ജീവിതം ജമാഅത്തിന് സമർപ്പിച്ചു. യുഗാണ്ടയിലെ ഒരു പ്രൊജക്റ്റിൽ രണ്ടുവർഷം സേവനം ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. അദ്ദേഹം അഹ്മദിയ്യത്തിന്റെ ഒരു ധീരപുത്രനായിരുന്നു. സൃഷ്ടിസേവന തൽപരനായിരുന്നു. വിവേചനമൊന്നും കൂടാതെ എല്ലാവരുടെയും സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ അദ്ദേഹം ശ്രമിച്ചു. സാമ്പത്തിക ത്യാഗങ്ങളിൽ മുൻപന്തിയിലായിരുന്നു. ഇലാഖാ ഖായിദായിരുന്നു, കൂടാതെ അൻസ്വാറുല്ലായിൽ ശ്രദ്ധേയമായ സേവനങ്ങൾ നല്കിയിരുന്നു. ഹൈദരാബാദിൽ വളരെക്കാലം സെക്രട്ടറി ഉമൂറെആമ്മ എന്ന സ്ഥാനവും വഹിച്ചിരുന്നു. നവാബ്ശാ ജില്ലയുടെ അമീറായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അർറാബിഅ്(റഹ്) അദ്ദേഹത്തെ നിയമിച്ചു, ഈ ഉത്തരവാദിത്വം അദ്ദേഹം വളരെ കഠിനാധ്വാനത്തോടെ നിർവ്വഹിച്ചു. അദ്ദേഹം മൂസ്വിയായിരുന്നു. അദ്ദേഹത്തിന് അനന്തരാവകാശികളായി മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളുമുണ്ട്.

അദ്ദേഹത്തിന്റെ മകളായ ഹുമയ്റ സാഹിബ പറയുന്നു: "പിതാവ് സൃഷ്ടിസേവന പ്രവർത്തനങ്ങളെ തന്റെ ബാങ്ക് ബാലൻസായി കാണുകയും അല്ലാഹുവിന്റെ പ്രീതി നേടാനുള്ള മാർഗമായി വിശ്വസിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ സഹായം ലഭിച്ച ധാരാളം അഹ്മദികളും അനഹ്മദികളുമുണ്ട്. യാത്രക്കാർക്കും രോഗികൾക്കും അഗതികൾക്കും അദ്ദേഹം സാമ്പത്തിക സഹായം നല്കിയിരുന്നു, കൂടാതെ വലിയ തുകകളും നല്കിയിരുന്നു. ജമാഅത്തിനുവേണ്ടി സാമ്പത്തിക ത്യാഗം ചെയ്യാനുള്ള ഒരു വികാരം അദ്ദേഹത്തിൽ അതിജയിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ശതവാർഷിക ജൂബിലി ആഘോഷത്തിന് സാമ്പത്തിക പദ്ധതി പ്രഖ്യാപിച്ചപ്പോൾ, അദ്ദേഹം ഉടൻതന്നെ അതംഗീകരിക്കുകയും അടുത്ത ദിവസം റബ്‌വയിലുള്ള തന്റെ വീട് വിറ്റ് ആ പണം മുഴുവൻ ഈ പദ്ധതിയിൽ നൽകുകയും ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) 1966-ൽ സിന്ധ് സന്ദർശിച്ചപ്പോൾ ഹൈദരാബാദിലെ കോട്ട് അഹ്മദിയ്യയിലെ അദ്ദേഹത്തിന്റെ വീട്ടിലും പോയിരുന്നു. 1981-ൽ റബ്‌വയിൽ ഖസ്വ്റെ ഖിലാഫത്തിന്റെ(ഖിലാഫത്തുമന്ദിരം) നിർമാണം നടക്കുമ്പോൾ, അദ്ദേഹത്തെ ഒരു പ്രൊജക്റ്റിനായി സർക്കാർ ആഫ്രിക്കയിലേക്ക് അയക്കുന്നുണ്ടായിരുന്നു. അത് അദ്ദേഹത്തിന് ഒരു നല്ല അവസരമായിരുന്നു. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിനെ കാണാൻ പോയപ്പോൾ, അദ്ദേഹം പറഞ്ഞു: "അങ്ങോട്ട് പോകരുത്, അതുപേക്ഷിച്ചേക്കുക. എന്റെ ഈ ഖസ്വ്റെ ഖിലാഫത്തിന്റെ മേൽക്കൂര നിർമാണം നടക്കുകയാണ്, അതിന് മേൽനോട്ടം വഹിക്കുക." അങ്ങനെ അദ്ദേഹം അടുത്ത ദിവസംതന്നെ ജോലിയിൽ പ്രവേശിച്ചു, എന്നാൽ, അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ അവധി പൂർത്തിയാക്കി തിരികെ പോയപ്പോൾ അതേ കരാർത്തന്നെ സർക്കാർ അദ്ദേഹത്തിന് വീണ്ടും നല്കി. ഇതു ഖിലാഫത്തിന്റെ അനുഗ്രഹംകൊണ്ടാണെന്ന് അദ്ദേഹം പറയുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്, റാബിഅ് (റഹ്മഹുല്ലാഹുമാ) എന്നിവരുമായി അദ്ദേഹത്തിന് അടുത്ത ബന്ധമുണ്ടായിരുന്നു, അവർ അദ്ദേഹത്തിന്റെ വീട്ടിൽവന്ന് താമസിച്ചിരുന്നു. അതുപോലെ, ഞാൻ പാകിസ്താനിൽ ഉണ്ടായിരുന്നപ്പോൾ എനിക്കും അദ്ദേഹത്തിന്റെ വീട്ടിൽ പോകാനും താമസിക്കാനും അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹം വളരെ നല്ലൊരു അതിഥി സൽക്കാരപ്രിയനായിരുന്നു. ഒരു തവണ എനിക്ക് സിന്ധിൽ രാത്രിയിൽ യാത്ര ചെയ്യേണ്ടിവന്നു. അവിടുത്തെ സാഹചര്യം അത്ര നല്ലതല്ലായിരുന്നു. മഴയും കൊടുങ്കാറ്റുമുള്ള രാത്രിയായിരുന്നു. റോഡുകളിൽ വെള്ളവും ചെളിയും നിറഞ്ഞിരുന്നു. എന്നാൽ, അദ്ദേഹം പറഞ്ഞു: 'ഞാൻ താങ്കളെ കൂടെ കൊണ്ടുപോകും.' ഞങ്ങൾ രാത്രിതന്നെ ലക്ഷ്യസ്ഥാനത്തെത്തി. അതിനുശേഷം ഞാൻ അദ്ദേഹത്തോടു അവിടെ രാത്രി തങ്ങാൻ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം കാറിൽ രാത്രിതന്നെ മടങ്ങി. അദ്ദേഹം വളരെ ധീരനും ധൈര്യശാലിയുമായിരുന്നു. അസീറാനെ രാഹെ മൗലാ എന്നറിയപ്പെടുന്ന തടവിലാക്കപ്പെട്ട അഹ്മദികൾക്കുവേണ്ടി അദ്ദേഹം നടത്തിയ സേവനങ്ങൾ പ്രശംസനീയമാണ്. അദ്ദേഹം ജയിലിൽപോയി അവിടുത്തെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തു. മനുഷ്യരെ സേവിക്കാനുള്ള ആഗ്രഹം അദ്ദേഹത്തിൽ അങ്ങേയറ്റമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൾ പറയുന്നു: "പിതാവ് തന്റെ ബന്ധുക്കളെയും ദരിദ്രരെയും സഹായിച്ചിരുന്നു. ഖിലാഫത്തിനോടു അഗാധസ്നേഹമായിരുന്നു. ഖലീഫയുടെ ഓരോ നിർദേശവും ലബ്ബയ്ക്ക് പറഞ്ഞ് സ്വീകരിക്കാറുണ്ടായിരുന്നു. ഖിലാഫത്ത് അദ്ദേഹത്തിന്റെ ദിവസേനയുള്ള സംഭാഷണത്തിന്റെ ഒരു ഭാഗമായിരുന്നു. അനഹ്മദി സുഹൃത്തുക്കളും അദ്ദേഹത്തിന്റെ നന്മയെക്കുറിച്ച് സംസാരിക്കാറുണ്ടായിരുന്നു. അത് അവരിൽ നല്ല സ്വാധീനം ചെലുത്തിയിരുന്നു. അദ്ദേഹത്തിന് വിശാലമായ സുഹൃത്ത് വലയമുണ്ടായിരുന്നു, കൂടാതെ എല്ലാ സ്ഥലങ്ങളിലും ഒരു അഹ്മദിയായി അദ്ദേഹം അറിയപ്പെട്ടിരുന്നു. സിന്ധിലെ രാഷ്ട്രീയക്കാരുടെ കുടുംബങ്ങളുമായി അദ്ദേഹത്തിന് നല്ല ബന്ധമുണ്ടായിരുന്നു. അവർക്ക് അദ്ദേഹം പലപ്പോഴും ജമാഅത്ത് പ്രസിദ്ധീകരിച്ച ഖുർആൻ ഉപഹാരമായി നല്കാറുണ്ടായിരുന്നു. ജമാഅത്തിനെക്കുറിച്ച് തുറന്ന നിലയിൽ പരിചയപ്പെടുത്തുക

## • ഹദീഥുന്നബ്‌വി ﷺ •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ

**RAHMAN SHAKEER & FAMILY**

AHMADIYYA JAMA-ATH KARULAI, KERALA

## • ഹദീഥുന്നബ്‌വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**

AHMADIYYA JAMA-ATH MANJERY, KERALA

യും സാധിക്കുമെങ്കിൽ അവരെ റബ്വയിൽ കൊണ്ടുവരുകയും ചെയ്യാറുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തിനോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ, അദ്ദേഹത്തിന്റെ മക്കൾക്കും ഈ നന്മകൾ തുടർന്നുപോകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം ചക്ക് 275 കർത്താർപൂർ ഫയ്സലാബാദിലെ മുഹമ്മദ് അലി സാഹിബിനെക്കുറിച്ചുള്ളതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം 70-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ കൃപയാൽ അദ്ദേഹം മൂസിയായിരുന്നു. അദ്ദേഹത്തിന് മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ ലുസാക്കയിലെ സാംബിയയിൽ ഒരു മിഷണറിയാണ്. അദ്ദേഹത്തിനിപ്പോൾ യുകെ ജൽസ സാലാനയിൽ പങ്കെടുക്കുന്നതിനാൽ സ്വപിതാവിന്റെ ജനാസ നമസ്കാരത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. മുബല്ലിഗായ ത്വാഹിർ അഹ്മദ് സയ്ഫി സാഹിബ് പറയുന്നു: 'പിതാവിന്റെ കുടുംബത്തിൽ അഹ്മദിയ്യത്തിന്റെ തുടക്കം രണ്ടാം ഖിലാഫത്തിന്റെ ആദ്യ നാളുകളിലായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹനായ നുസ്റത്ത് സാഹിബ് ആണ് കുടുംബത്തിലെ ആദ്യ അഹ്മദി.

പരേതൻ നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിച്ചിരുന്നു. തഹജ്ജുദ് നമസ്കരിക്കു മായിരുന്നു. സത്സ്വഭാവിയും ശാന്തപ്രകൃതനും ജനസമ്പർക്കമുള്ളയാളും, സൃഷ്ടിസേവനങ്ങളിൽ അതീവതൽപരനും, സുസ്മേരവദനനും കൂടാതെ ഒരു നല്ല ആത്മാർഥതയുള്ള വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന് ഖിലാഫത്തിനോടു അളവറ്റ സ്നേഹമായിരുന്നു. എല്ലാ കാര്യങ്ങൾക്കും ആദ്യം ഖലീഫയ്ക്ക് കത്തെഴുതി ദുആക്ക് അഭ്യർഥിച്ചിരുന്നു. ജമാഅത്തിന്റെയും മതപരമായ കാര്യങ്ങളിലും നിശബ്ദമായി പങ്കുചേർന്നിരുന്നു. തന്റെ സാമ്പത്തിക നിലയനുസരിച്ച് പരമാവധി സാമ്പത്തിക ത്യാഗത്തിലും പങ്കുചേർന്നിരുന്നു. എം.ടി.എ ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ വീട്ടിൽ ടിവി ഉണ്ടായിരുന്നില്ല. എന്നാൽ, ഖലീഫയുടെ ശബ്ദം നേരിട്ട് കേൾക്കാൻ വേണ്ടി എം.ടി.എ തുടങ്ങിയ ഉടൻതന്നെ വീട്ടിൽ ടി.വി കൊണ്ടുവന്നു.

അദ്ദേഹത്തിന്റെ മകൻ പറയുന്നു: “ഖലീഫയുടെ ഒരു നിർദേശം പോലും എന്റെ പിതാവ് അതിൽ പങ്കെടുക്കാതെ വിട്ടുകളഞ്ഞതായി എന്റെ ഓർമയിലില്ല. അന്യരോടും അദ്ദേഹത്തിന് വലിയ വാത്സല്യമായിരുന്നു. അദ്ദേഹം ജോലി ചെയ്തിരുന്ന ഫാക്ടറിയിൽ ഒരുപാട് അനഹ്മദികൾക്ക് ജോലി നേടിക്കൊടുത്തു. എന്നാൽ, അനഹ്മദികളായ ചിലരുടെ സ്വഭാവം പോലെ, ചിലർക്ക് അത്ര വിവേകമുണ്ടായിരുന്നില്ല. നന്മ ചെയ്തിട്ടും അവർ ആളുകളുടെ വാക്കുകൾ കേട്ട് മാനേജ്മെന്റിനോടു പരാതി പറയുകയും അദ്ദേഹത്തെ ജോലിയിൽനിന്ന് പുറത്താക്കാൻ നിർബന്ധിക്കുകയും ചെയ്തു. അദ്ദേഹത്തെ ജോലിയിൽനിന്ന് പുറത്താക്കി. പക്ഷേ. അദ്ദേഹം ബഹളം വച്ചില്ല, അല്ലാഹുവിന്റെ അടുക്കൽ തന്റെ സങ്കടം ബോധിപ്പിച്ചു. കുറച്ചു കാലത്തിനുശേഷം ഫാക്ടറി ഉടമ അദ്ദേഹത്തെ വീണ്ടും വിളിക്കുകയും അതേ സ്ഥാനത്തുതന്നെ അദ്ദേഹത്തെ നിയമിക്കുകയും ചെയ്തു. തന്നോടു മോശമായി പെരുമാറിയവരോടുപോലും അദ്ദേഹം നല്ല രീതിയിൽ പെരുമാറുകയും അവരുടെ കാര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നല്ല സ്വഭാവം കാരണമാണ്, ഫയ്സ്വലാബാദ് പട്ടണത്തിലെ എട്ടുപേർ തബ്ലീഗ് അഥവാ പ്രബോധനത്തേക്കാൾ അദ്ദേഹത്തിന്റെ നല്ല സ്വഭാവം കാരണമാണ് ഇസ്ലാമിലേക്ക് കടന്നുവന്നത്. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ, അദ്ദേഹത്തിന്റെ മക്കൾക്കും ഈ നന്മകൾ തുടർന്നുപോരാനുള്ള തൗഫീഖ് നല്കുമാറാട്ടെ.

പേജ് 1 ൽ നിന്ന്

തേച്ചുമിനുക്കിയെടുക്കുന്നതിൽ മുഴുകിയിരിക്കേണ്ടതായി വരുന്നു. പക്ഷേ, വിപ്ലവകരമായ നിലയിൽ സംഭവിക്കുന്ന ചില പരിവർത്തനങ്ങളുണ്ട്. അത് അതിവേഗത്തിൽ മനുഷ്യനെ ഭൂമിയിൽനിന്നെടുത്ത് അർശിലെത്തിക്കുന്നു. ഹദ്റത്ത് ഉമർؓന്റെ ഇസ്ലാംമതസ്വീകരണസംഭവം ഈ പരിവർത്തനത്തിന്റെ ഒരു ജീവസുറ്റ ഉദാഹരണമാണ്. ഹദ്റത്ത് ഉമറിന് ഇസ്ലാമിനോടു കടുത്ത ശത്രുതയായിരുന്നു. പക്ഷേ, അദ്ദേഹത്തിൽ ആത്മീയമായ യോഗ്യതകളുമുണ്ടായിരുന്നു. അതായത് അദ്ദേഹത്തിൽ കഠിനമായി ദേഷ്യമുണ്ടായിട്ടും നബിﷺതിരുമേനിയേയും അവിടത്തെ സ്വഹാബിമാരേയും ബുദ്ധിമുട്ടിച്ചു കൊണ്ടിരുന്നിട്ടും അദ്ദേഹത്തിന്റെ ഉള്ളിൽ ആർദ്രതയുടെ ആവേശവുമുണ്ടായിരുന്നു. ഹബ്ശയിലേക്ക് ആദ്യത്തെ ഹിജ്റത്തുണ്ടായപ്പോൾ അന്യാരാധകർ തടയാതിരിക്കാനും കൂടുതൽ ബുദ്ധിമുട്ടക്കാതിരിക്കാനും മുസ്ലിമീങ്ങൾ സ്വുബ്ഹി നമസ്കാരത്തിനുമുമ്പേ മക്കയിൽനിന്നു പുറപ്പെടാനുള്ള തയ്യാറെടുപ്പ് നടത്തി. രാത്രിയിൽ മോഷണം തുടങ്ങിയവ ഉണ്ടാകാതിരിക്കാൻ ചില നേതാക്കന്മാർ പട്ടണത്തിൽ റോന്തുചുറ്റുന്ന ഒരു സമ്പ്രദായം മക്കയിലുണ്ടായിരുന്നു. ഇതനുസരിച്ച് ഹദ്റത്ത് ഉമറുംؓ രാത്രിയിൽ റോന്തുചുറ്റുകയായിരുന്നു. ഒരിടത്ത് വീട്ടുസാധനങ്ങളെല്ലാം കെട്ടിവെച്ചിരിക്കുന്നത് അദ്ദേഹം കണ്ടു. അദ്ദേഹം അതിന്നടുത്ത് ചെന്നു. ഒരു സ്വഹാബിയ ആ സാധനത്തിനടുത്ത് നിൽക്കുന്നതുകണ്ടു. ആ സ്വഹാബിയായുടെ ഭർത്താവുമായി ഹദ്റത്ത് ഉമറിന് ബന്ധങ്ങളുണ്ടായിരുന്നിരിക്കണം. അതുകൊണ്ട് അദ്ദേഹം ആ സ്വഹാബിയായോടു ചോദിച്ചു: 'ബീബീ! എന്താണ് കാര്യം? അങ്ങ് ദീർഘയാത്രയ്ക്ക് പോകുന്നതുപോലുണ്ടല്ലോ?' ആ സ്വഹാബിയായുടെ ഭർത്താവ് അവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹം അവിടെ ഉണ്ടായിരുന്നെങ്കിൽ അന്യാരാധകരുടെ ശത്രുതയും വിരോധവും കാരണത്താൽ ഹദ്റത്ത് ഉമറിന്റെ ഈ വർത്തമാനം കേട്ട് അയാളെന്തെങ്കിലും തന്ത്രം പ്രയോഗിക്കുമായിരുന്നു. പക്ഷേ, ആ സ്ത്രീക്ക് ഈ ബോധമുണ്ടായിരുന്നില്ല. ആ സ്വഹാബിയ പറഞ്ഞു: 'ഉമറേ! ഞങ്ങൾ മക്ക ഉപേക്ഷിച്ച് പോകുകയാണ്.' അദ്ദേഹം ചോദിച്ചു: 'നിങ്ങൾ മക്ക ഉപേക്ഷിക്കുകയാണെന്നോ?' സ്വഹാബിയ പറഞ്ഞു:'അതേ!ഞങ്ങൾ മക്ക ഉപേക്ഷിക്കുകയാണ്.' ഹദ്റത്ത് ഉമർؓചോദിച്ചു: 'നിങ്ങളെന്തിനാണ് മക്ക ഉപേക്ഷിക്കുന്നത്?' സ്വഹാബിയ മറുപടി പറഞ്ഞു: 'ഉമറേ! ഞങ്ങൾ മക്ക ഉപേക്ഷിക്കുന്നത് താങ്കളും താങ്കളുടെ സഹോദരന്മാരും ഞങ്ങളിവിടെ താമസിക്കുന്നത് ഇഷ്ടപ്പെടുന്നില്ല. ഏകനായ അല്ലാഹുവിനെ സ്വതന്ത്രമായി ആരാധിക്കാൻ ഞങ്ങളെ അനുവദിക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾ രാജ്യമുപേക്ഷിച്ച് മറ്റേതെങ്കിലും രാജ്യത്ത് പോകുകയാണ്.' ഉമർؓഇസ്ലാമിന്റെ കഠിനവിരോധിയായിരുന്നിട്ടും, അദ്ദേഹം മുസ്ലിമീങ്ങളെ വധിക്കാൻ തയ്യാറായിരുന്നിട്ടും രാത്രിയുടെ അന്ധകാരത്തിൽ ആ സ്വഹാബിയായിൽനിന്നുള്ള ഈ മറുപടി കേട്ട് ഹദ്റത്ത് ഉമർؓതന്റെ മുഖം മറുഭാഗത്ത് തിരിച്ചു. ആ സ്വഹാബിയായുടെ പേരു വിളിച്ചുകൊണ്ടു പറഞ്ഞു: "നല്ലത്. അല്ലാഹു നിങ്ങളുടെ സംരക്ഷകനായിരിക്കട്ടെ." ഹദ്റത്ത് ഉമറിനുമേൽ അലിവ് അതിജയിച്ചിരുന്നുവെന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ടാണ് അദ്ദേഹം മറുഭാഗത്ത് മുഖം തിരിച്ചത്. അല്ലെങ്കിൽ താനും കരഞ്ഞുപോകുമെന്ന് അദ്ദേഹത്തിന് തോന്നിയിട്ടുണ്ടാകും.

ഇത്രയുമായപ്പോൾ ആ സ്വഹാബിയായുടെ ഭർത്താവും വന്നു. ഇസ്ലാമിന്റെ കഠിനവിരോധിയാണ് ഉമറെന്നും തങ്ങളുടെ വഴിയിൽ എന്തെങ്കിലും തടസ്സമുണ്ടാക്കുമോ എന്നും ചിന്തിച്ചു. അദ്ദേഹം തന്റെ ഭാര്യയോടു ചോദിച്ചു:'ഇദ്ദേഹമെങ്ങനെയാണ് ഇവിടെ വന്നത്?' അവർ പറഞ്ഞു: "അദ്ദേഹം ഇങ്ങനെയാണ് ഇവിടെ വന്നത്." നിങ്ങൾ എവിടെപോകുന്നുവെന്ന് അദ്ദേഹം ചോദിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: "ഇയാൾ ഉപദ്രവം വല്ലതും ചെയ്യാതിരിക്കട്ടെ." ആ സ്വഹാബിയ പറഞ്ഞു:"എന്റെ പിതൃസഹോദരന്റെ മകനേ! (അറബ് സ്ത്രീകൾ പൊതുവെ തങ്ങളുടെ ഭർത്താക്കന്മാരെ പിതൃസഹോദരന്റെ മകനേ എന്നാണ് വിളിക്കാറുണ്ടായിരുന്നത്). ഇയാളെന്തെങ്കിലും ഉപദ്രവം ചെയ്യുമോ എന്നാണ് അങ്ങ് ചോദിക്കുന്നത്. എന്നാൽ, എനിക്കു തോന്നുന്നത് ഇയാൾ ഏതെങ്കിലും ദിവസം മുസ്ലിമാകുമെന്നാണ്. കാരണം ഞാൻ ഉമറേ! ഞങ്ങൾ മക്കവിട്ടുപോകുകയാണെന്ന് പറഞ്ഞപ്പോൾ, താങ്കളും താങ്കളുടെ സഹോദരനും ഞങ്ങളെ ഇവിടെ ഏകദൈവാരാധന നടത്താൻ വിടുന്നില്ലെന്ന് പറഞ്ഞപ്പോൾ അയാൾ മുഖം തിരിച്ചു കളഞ്ഞു. പൊയ്ക്കൊള്ളാനും അല്ലാഹു നിങ്ങളുടെ സംരക്ഷകനായിരിക്കട്ടെ എന്നു പറയുകയും ചെയ്തു. അയാളുടെ ശബ്ദത്തിൽ വിറയലുണ്ടായിരുന്നു. ഞാൻ മനസ്സിലാക്കുന്നത് അയാളുടെ കണ്ണുകളിൽ കണ്ണീരൊഴുകിയിരുന്നുവെന്നാണ്. അതുകൊണ്ട് തീർച്ചയായും ഒരു ദിവസം മുസ്ലിമാകുന്നതാണ്."

ദിവസങ്ങൾ അങ്ങനെ കഴിഞ്ഞുകടന്നുപോയി. ഹദ്റത്ത് ഉമർ ഇസ്ലാമിനെ തുടർച്ചയായി എതിർത്തുകൊണ്ടിരുന്നു. ഒരു ദിവസം അദ്ദേഹത്തിന്റെ മനസ്സിൽ ഈ മതം ഉണ്ടാക്കിയവനെ എന്തുകൊണ്ട് വധിച്ചുകൂടാ എന്ന ചിന്ത വന്നു. ഉടനെതന്നെ അദ്ദേഹം വാൾ കൈയിലെടുത്തു. നബിﷺ തിരുമേനിയെ വധിക്കാൻ വീട്ടിൽനിന്ന് പുറപ്പെട്ടു. വഴിയിൽ ആരോ ചോദിച്ചു, 'ഉമറേ! എവിടെയാണ് പോകുന്നത്?' അദ്ദേഹം പറഞ്ഞു: 'മുഹമ്മദിനെﷺ വധിക്കാൻ പോകുകയാണ്.' അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു:'നിന്റെ

വീട്ടിലെ വിവരമെന്താണെന്ന് ആദ്യം ആരായുക. നിന്റെ സഹോദരിയും ഭർത്താവും അയാളെ വിശ്വസിച്ചിരിക്കുന്നു.' അയാൾ പറഞ്ഞു: 'നീ തന്നെ നേരിട്ടുപോയി നോക്കിക്കൊള്ളുക.' അദ്ദേഹം നേരെ വീട്ടിലേക്കു തിരിച്ചു. വാതിൽ അടച്ചിരിക്കുകയായിരുന്നു. ഉള്ളിൽനിന്ന് അളിയന്റെ ശബ്ദം കേട്ടു. ആരാണ്? ഉമർ പറഞ്ഞു: 'ഉമർ!' ഹദ്റത്ത് ഉമർ വന്നിരിക്കുന്നുവെന്ന് അദ്ദേഹം കണ്ടു. ഇസ്‌ലാമിന്റെ കഠിനവിരോധിയാണ് ഉമറെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. അദ്ദേഹം ആ സ്വഹാബിയെ എവിടെയോ ഒളിപ്പിച്ചു. വിശുദ്ധ ഖുർആന്റെ ഏടുകളും ഏതോമൂലയിൽ ഒളിപ്പിച്ചുവെച്ചു. പിന്നീട് വാതിൽ തുറന്നു. ഹദ്റത്ത് ഉമർ അവർ ഇസ്‌ലാം സ്വീകരിച്ചുവെന്ന വാർത്ത് കേട്ടാണ് വന്നത്. ഉമർ വന്നുടനെ ചോദിച്ചു: 'വാതിൽ തുറക്കാനെന്താണ് താമസിച്ചത്?' അദ്ദേഹത്തിന്റെ അളിയൻ പറഞ്ഞു: 'താമസമെന്തായാലുമുണ്ടാകുമല്ലോ?' ഹദ്റത്ത് ഉമർﷺ പറഞ്ഞു: 'കാര്യമതല്ല. വാതിൽ തുറക്കാൻ താമസിച്ചതിന് വേറെന്തോ കാരണമുണ്ട്! ഞാൻ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. നിങ്ങൾ ആ സ്വാബിയുടെ കാര്യം കേൾക്കുകയായിരുന്നു.'(മക്കയിലെ മുശ്‌രിക്കീങ്ങൾ അഥവാ അന്യാരാധകർ നബിﷺതിരുമേനിയെ സ്വാബി എന്നാണ് വിളിച്ചിരുന്നത്). അദ്ദേഹം കാര്യം മറച്ചുവെക്കാൻ ശ്രമിച്ചു. പക്ഷേ, ഉമറിന് ദേഷ്യം വന്നു. തന്റെ അളിയനെ അടിക്കാൻ മുന്നോട്ടാഞ്ഞു. തന്റെ ഭർത്താവിനോടുള്ള സ്നേഹംകൊണ്ട് സഹോദരി ഇടയിൽക്കയറി. ഹദ്റത്ത് ഉമർ കൈയ്യുയർത്തിക്കഴിഞ്ഞിരുന്നു. പെട്ടെന്ന് അദ്ദേഹത്തിന്റെ സഹോദരി ഇടയിൽ കയറിയപ്പോൾ ഉമറിന് തന്റെ കൈ തടയാൻ കഴിഞ്ഞില്ല. ഉമറിന്റെ കൈ ശക്തിയായി അവരുടെ മുഖത്ത് പതിച്ചു. മൂക്കിൽനിന്ന് ചോരവന്നു. ഹദ്റത്ത് ഉമർ വൈകാരിക പ്രകൃതക്കാരനായിരുന്നു. സ്ത്രീയുടെമേൽ കൈയ്യുയർത്തുന്നത് അറബികളുടെ സമ്പ്രദായത്തിന്നെതിരായിരുന്നു - ഇക്കാര്യം എങ്ങനെയെങ്കിലും മറച്ചുവെക്കുന്നതിനുവേണ്ടി ഉമർ ചോദിച്ചു: 'നിങ്ങളെന്താണ് വായിച്ചിരുന്നത്?' ഹദ്റത്ത് ഉമർ മയപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കിയ സഹോദരി പറഞ്ഞു: 'പോകുക. നിന്നെപ്പോലുള്ള മനുഷ്യന്റെ കൈയിൽ ആ പരിശുദ്ധ വസ്തു തരാൻ ഞാൻ തയ്യാറല്ല. ദാ, മുന്നിൽ വെള്ളമിരിക്കുന്നു. കുളിച്ചിട്ട് വരിക.' ഹദ്റത്ത് ഉമർ കുളിച്ചുവന്നു. സഹോദരി ഖുർആന്റെ ഏടുകൾ കയ്യിലെടുത്തു. അത് അദ്ദേഹത്തിന് കൊടുത്തു. ഹദ്റത്ത് ഉമറിന്റെ ഉള്ളിൽ വമ്പിച്ചൊരുമാറ്റം വന്നുകഴിഞ്ഞിരുന്നു. ഖുർആനിക വചനങ്ങൾ പാരായണം ചെയ്തുടനെ അദ്ദേഹത്തിന്റെ ഉള്ളിൽ ആർദ്രത ഉണ്ടാകാൻ തുടങ്ങി. അദ്ദേഹം ആ വചനം അവസാനിപ്പിച്ചു കഴിഞ്ഞപ്പോൾ അനിയന്ത്രിതമായി അദ്ദേഹം പറഞ്ഞു: **അശ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാഹി** ഈ വാക്കുകൾ കേട്ട് ഒളിച്ചിരുന്ന ആ സ്വഹാബിയും വെളിയിൽവന്നു. പിന്നീട് ഹദ്റത്ത് ഉമർﷺ ചോദിച്ചു: "നബിﷺതിരുമേനി ഈയിടെയായി എവിടെയാണ് താമസിക്കുന്നത്?" എതിർപ്പു കാരണത്താൽ നബിﷺതിരുമേനി അപ്പോൾ സ്ഥലം മാറിമാറി താമസിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു:'നബിﷺതിരുമേനി ഇപ്പോൾ ദാറുഅർഖമിലാണ് താമസിക്കുന്നത്.' ഹദ്റത്ത് ഉമർ ഉടനെ അതേ അവസ്ഥയിൽ നഗ്നമായ വാൾ തോളിൽതൂക്കിയിട്ട് ആ വിടിന്റെ ഭാഗത്തുപോയി. സഹോദരിയുടെ മനസ്സിൽ സംശയമുണ്ടായി. ഒരുപക്ഷേ, ദുരുദ്ദേശ്യമായിരിക്കുമോ! അവർ മുന്നോട്ടു വന്ന് പറഞ്ഞു: അല്ലാഹുവാണെ സത്യം! എന്നെ സമാധാനിപ്പിക്കാത്തിടത്തോളം ഞാൻനിന്നെ ഇവിടെനിന്ന് പോകാൻ അനുവദിക്കുകയില്ല; നീ ദ്രോഹമൊന്നും ചെയ്യുകയില്ലല്ലോ?' ഹദ്റത്ത് ഉമർﷺ പറഞ്ഞു: 'ഞാനൊരു കുഴപ്പവുമുണ്ടാക്കുകയില്ലെന്ന് നിന്നോടു വാഗ്ദാനം ചെയ്യുകയാണ്.' ഹദ്റത്ത് ഉമർ അവിടെയെത്തി. വാതിലിൽ മുട്ടി. നബിയും സ്വഹാബത്തും അകത്തിരിക്കുകയായിരുന്നു. ദീനീപരമായ ദർസ്സ് നടക്കുകയായിരുന്നു. ഏതോ സ്വഹാബി ചോദിച്ചു, 'ആരാ അത്?' ഹദ്റത്ത് ഉമർ പറഞ്ഞു, 'ഉമറാണ്.' സ്വഹാബത്ത് പറഞ്ഞു, 'യാ റസൂല്ലാഹ് വാതിൽ തുറക്കണ്ട. എന്തെങ്കിലും കുഴപ്പമുണ്ടായാലോ?' ഹദ്റത്ത് ഹംസത്ത്ﷺ പുതിയതായി ഇസ്‌ലിമിൽ വന്നയാളായിരുന്നു. അദ്ദേഹം സൈനിക മട്ടിലുള്ള ആളായിരുന്നു. അദ്ദേഹം പറഞ്ഞു: 'വാതിൽ തുറക്കുക. അവനെന്താണ് ചെയ്യുകയെന്ന് ഞാൻ നോക്കിക്കൊള്ളാം.' അങ്ങനെ ഒരാൾ വാതിൽ തുറന്നു. ഹദ്റത്ത് ഉമർ മുന്നോട്ടുവന്നപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'ഉമറേ! നിനക്കെപ്പോൾവരെ എന്നെ എതിർത്തുകൊണ്ടു മുന്നോട്ടുപോകാൻ കഴിയും?' ഹദ്റത്ത് ഉമർﷺ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ എതിർക്കാൻവേണ്ടി വന്നതല്ല. ഞാൻ അങ്ങയുടെ അടിമയാകാൻ വന്നതാണ്.' ഒരു മണിക്കൂർ മുമ്പേവരെ ഇസ്‌ലാമിന്റെ ശത്രുവായിരുന്ന ഉമർ നബിﷺതിരുമേനിയിൽ വിശ്വസിക്കുന്നതിനുവേണ്ടി വീട്ടിൽ നിന്നിറങ്ങിയതായിരുന്നു. ഒരൊറ്റ നിമിഷംകൊണ്ട് ഏറ്റവും ഉന്നത ദർജക്കാരനായ മുഅ്മിനായിത്തീർന്നു. ഹദ്റത്ത് ഉമർ മക്കയിലെ നേതാക്കന്മാരിൽപ്പെട്ട ആളായിരുന്നില്ല. പക്ഷേ, ധീരതകാരണത്താൽ യുവാക്കളിൽ അദ്ദേഹത്തിന്റെ വലിയ സ്വാധീനമുണ്ടായിരുന്നു. അവിടന്ന് മുസ്‌ലിമായപ്പോൾ സ്വഹാബ അത്യാവേശത്താൽ **നഅ്രയെ തക്ബീർ** മുഴക്കി. അതിനുശേഷം നമസ്കാരത്തിന്റെ സമയമെത്തി. നബിﷺതിരുമേനി നമസ്കരിക്കാനാഗ്രഹിച്ചു. അപ്പോൾ രണ്ടുമണിക്കൂർ മുമ്പേ നബിﷺതിരുമേനിയെ വധിക്കുന്നതിനുവേണ്ടി വീട്ടിൽനിന്നിറങ്ങിയ അതേ ഉമർ വീണ്ടും വാൾ കൈയിലെടുത്തു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! അല്ലാഹുവിന്റെ റസൂലും അങ്ങയുടെ വിശ്വാസികളും സമാധാനത്തോടെ നമസ്കരിക്കുക. മക്കയിലെ മുശ്‌രിക്കീങ്ങൾ വെളിയിൽ ഉപദ്രവിച്ചു നടക്കുകയാണ്. ഇതെങ്ങനെ നടക്കാനാണ്? നമ്മളെ കഅ്ബ ദേവാലയത്തിൽ നമസ്കരിക്കാൻ അനുവദിക്കാത്തവനാരാണെന്ന് ഞാൻ നോക്കിക്കൊള്ളും. നബിﷺതിരുമേനി പറഞ്ഞു: 'ഈ ആവേശം വളരെ നല്ലതാണ്. എന്നാൽ, ഇപ്പോൾ പുറത്തിറങ്ങുന്നത് ശരിയല്ല.' ഇത് ഹദ്റത്ത് ഉമറിന്റെ ഉള്ളിലുണ്ടായ അസാധാരണമായ വിപ്ലവം ആയിരുന്നു. ക്ഷണത്തിൽ അവിടന്ന് കഠിനമായ വിരോധത്തിൽനിന്ന് ഉന്നത ദർജയിലുള്ള മുഅ്മിനായി." *(തഫ്സീറെ കബീർ, വാള്യം 6, പേജ് 140 - 143, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

ലയങ്ങളും നശിപ്പിക്കപ്പെടുന്നതാണ്. അത് തകർക്കപ്പെടണമെന്ന് നാം ആഗ്രഹിക്കുന്നില്ല. ഈ സുവർണമായ വസ്തുത ലോകത്തിലെ ഏതെങ്കിലും മതത്തിൽ കാണുന്നുണ്ടോ?

ഈ വാക്യം ഇഞ്ചീലിലുണ്ടായിരുന്നെങ്കിൽ ക്രിസ്ത്യാനികൾ തങ്ങളുടെ എതിരാളികളോടു പെരുമാറിയത് ഉണ്ടാകുമായിരുന്നില്ല. മിത്തോളജി പഠിക്കുക. എന്നാൽ, നിങ്ങൾക്ക് മനസ്സിലാകും ക്രിസ്ത്യാനികൾക്കു മുമ്പേ എത്രത്തോളം ആരാധനാലയങ്ങൾ ഉണ്ടായിരുന്നുവെന്ന്. ഇന്ന് അവയുടെ പേരോ അടയാളങ്ങളോ ഇല്ല. ഉദാഹരണത്തിന് പഡ്മോളിലെ മഹത്തായൊരു അമ്പലമുണ്ടായിരുന്നു. ഇവിടെ സിക്കന്ദർ അഅ്ളം നടന്ന് ഹജ്ജ് ചെയ്യാൻ വരാറുണ്ടായിരുന്നു. എന്നാൽ, ആ അമ്പലം എവിടെയാണെന്ന് ഇന്നാർക്കും പറയാൻ കഴിയില്ല.

ഇങ്ങനെയുള്ള കുടുസായ ചിന്താഗതിയും പിടിവാശിയും പക്ഷപാതിത്വവും നിർബന്ധബുദ്ധിയും ഇസ്‌ലാം ഇഷ്ടപ്പെടുന്നില്ല; ആരാധനാലയങ്ങൾ തകർക്കലും. മുസ്‌ലിമീങ്ങൾ 800 വർഷവും ആയിരം വർഷവും 1100 വർഷവും ഭരിച്ചിട്ടുള്ള സ്ഥലമുണ്ട്. ആ രാജ്യത്തിലെ ആരാധനാലയങ്ങൾ ഇന്നും നിലവിലുണ്ട്. അത് നശിപ്പിച്ചില്ല. എന്നാൽ, വലിയ തിളക്കമാർന്ന പഡ്മോളലെ അമ്പലം എവിടെയാണെന്ന്. ജനങ്ങളോടു ചോദിക്കുക. അവർക്ക് പറയാൻ കഴിയില്ല. അടയാളംപോലും മായ്ച്ചുകളഞ്ഞു. എന്നല്ല ബൈബിളിലും പരിശുദ്ധമെന്ന് മനസ്സിലാക്കിയിരുന്ന യരുശലേം പോലുള്ള സ്ഥലവും തുണ്ടം തുണ്ടമാക്കപ്പെട്ടു. അവിടെ പന്നിബലി നടത്തപ്പെട്ടു. പന്നി അശുദ്ധമല്ലെന്ന് ആരെങ്കിലും പറയുമായിരിക്കും. എന്നാൽ, ബൈബിൾ വായിച്ചാൽ അതിനെതിരായിരിക്കും അവർ കാണുക.

ഇതിന്നെതിൽ സ്പെയിനിലേയും ഫലസ്തീനിലേയും ഐശ്വര്യസമ്പൂർണമായ

• ഹദീഥുന്നബ്വിﷺ •

"അത്തഅ്സിയത്തു മർറത്തുൻ."
അനുശോചനം ഒറ്റത്തവണ മതി.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്വിﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ഇസ്‌ലാമിക ഭരണം നോക്കുക. അതിപുരാതനമായ ആരാധനലായങ്ങൾപോലും തൊട്ടിട്ടില്ല. എന്നല്ല ഉമറിന്റെ കാലഘട്ടത്തിൽ അദ്ദേഹം യരുശലേമിൽ പോയപ്പോൾ അവിടുത്തെ ബിഷപ്പ് പറഞ്ഞു: 'ഇവിടെ നമസ്കരിക്കുക.' അദ്ദേഹം പറഞ്ഞു: 'നിങ്ങൾ പര്യവസാനം ചിന്തിക്കുന്നില്ല. ഞാനിവിടെ നമസ്കരിക്കുകയാണെങ്കിൽ മുസ്‌ലിമീങ്ങൾ ഇതു മസ്ജിദാക്കും. നമ്മുടെ നേതാവായ നബിﷺ തിരുമേനിയുടെ സന്നിധിയിൽ നജ്റാനിലെ ക്രിസ്ത്യാനികൾ വന്നു. ഞായറാഴ്ചയായിരുന്നു. അവിടന്ന് പറഞ്ഞു: എന്റെ മസ്ജിദിൽ പ്രാർഥിച്ചുകൊള്ളുക. അവർ റോമൻ കത്തോലിക്കക്കാരായിരിക്കാം. എന്നാൽ, സഹിഷ്ണുതയോടെ അവർക്ക് അനുവാദം നല്കി. ഇതിൽനിന്ന് പ്രകടമായിരുന്നത് അവിടന്ന് പൊതുവെ നന്മ ചെയ്തിരുന്നുവെന്നാണ്. മതങ്ങളെ നിലനിറുത്തുക എന്നതും അദ്ദേഹത്തിന്റെ മതമായിരുന്നു; ഇന്ത്യയിൽ ഹിജ്റ ആദ്യ നൂറ്റാണ്ടിലാണ് അറബികൾ വന്നതെങ്കിലും കുറഞ്ഞത് പതിനൊന്നര നൂറ്റാണ്ടുവരെ ഇസ്‌ലാമിക ഭരണം ഇവിടെനിന്നു. ഈ ദീർഘകാലത്ത് ഇന്ത്യയിലെ ആരാധനാലയങ്ങളുടെമേൽ ഇസ്‌ലാമിക ഭരണം എന്തു സ്വാധീനമാണ് ചെലുത്തിയത്. അവയുടെ ഇന്നുള്ള അവസ്ഥ സ്വയം അത് വെളിപ്പെടുത്തുന്നു.' *(ഹഖാഇഖുൽഫുർഖാൻ, വാള്യം 3, പേജ് 154 - 157).*

## നമ്മുടെ ആയുധം വിശുദ്ധഖുർആൻ തന്നെയാണ്.

### സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിؓ

സയ്യിദുനാ അൽമുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനിؓ **ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽ ഹിക്മത്തി** എന്നതിനെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു: 'നുബുവ്വത്തിന്റെ അർഥങ്ങളുടെ അടിസ്ഥാനത്തിൽ ഇതിന്റെ ഉദ്ദേശ്യം വിശുദ്ധഖുർആൻ സ്വയം നല്കിയിട്ടുള്ള തെളിവുകൾ അവതരിപ്പിച്ചുകൊണ്ട് ദൈവികവചനങ്ങളുടെ സഹായത്താൽ ജനങ്ങളെ മതത്തിലേക്ക് ക്ഷണിക്കുക എന്നാണ്. സ്വന്തം കൈയിൽനിന്ന് അനാവശ്യകാര്യം ഇടരുത്. വാഹ്! ഈ പോയന്റ് മുസ്‌ലിമീങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ യഹൂദിയ്യത്തിനേയും ഈസായിയെത്തിനേയും വിഴുങ്ങിക്കളയുമായിരുന്നു. നമ്മുടെ ആയുധം വിശുദ്ധഖുർആൻ തന്നെയാണ്. അതിനെ കുറിച്ച് അല്ലാഹു പറഞ്ഞു. **വ ജാഹിദുഹും ബിഹി** ഈ ഖുർആനിക വാളുമെടുത്ത് ലോകത്തിനോടു ജിഹാദ് ചെയ്യാൻ പുറപ്പെടുക. എന്നാൽ, അഹോ കഷ്ടം ഇന്ന് ലോകത്തിലെ എല്ലാ വസ്തുക്കളും മുസ്‌ലിമീങ്ങളുടെ കൈയിലുണ്ട്. ഇല്ലാത്തത് വാളുമായി എഴുന്നേറ്റു നില്ക്കാൻ പറഞ്ഞ കൽപ്പന മാത്രം.' *(തഫ്സീറെ കബീർ, വാള്യം 4, പേജ് 273)*

**ഫലാ തഅ്ജൽ അലയ്ഹിം** എന്നതിൽ ജിഹാദിന്റെ പ്രശ്നം തികച്ചും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ **ഫലാ തഅ്ജൽ അലയ്ഹിം ഇന്നമാ നഉദ്ദുലഹും അദ്ദാ** അതിനാൽ അവർക്കെതിരിൽ നീ ധിറുതിയിൽ ഒന്നും ചെയ്യരുത്. തീർച്ചയായും അവർക്കു വേണ്ടി നാം (നാശത്തിന്റെ നാളുകൾ) എണ്ണിക്കണക്കാക്കുകയാണ് ചെയ്യുന്നത്. (19:85)

നോക്കൂ! ഈ സ്ഥലത്ത് ജിഹാദിനെ സംബന്ധിച്ച് എത്രമാത്രം വ്യക്തവും സുപ്രധാനവുമായ നിർദേശമാണ് നല്കപ്പെട്ടിരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ്ؑ വർത്തമാനകാലത്ത് ജിഹാദിനെ സംബന്ധിച്ച് അവതരിപ്പിച്ച മഹത്തായ വീക്ഷണത്തെ എങ്ങനെയാണ് പിന്തുണച്ചിരിക്കുന്നത്.

ഈ ആയത്തിൽ അല്ലാഹു പറഞ്ഞു, ഒരുകാലം വരാൻ പോകുകയാണ്; മുസ്‌ലിമീങ്ങളുടെ ഒരു വിഭാഗം ഇസ്‌ലാമിന്റെ അഭിവൃദ്ധി ഈ സത്യനിഷേധികളുമായി യുദ്ധം ചെയ്യുന്നതിലൂടെയും സാധ്യമാകൂ എന്ന് പറയും; അവരെ വാളിന്റെ ശക്തികൊണ്ട് ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുക എന്ന്! എന്നാൽ, അവരുടെ ഈ തീരുമാനം തികച്ചും തെറ്റായിരിക്കും. അവർക്കെതിരിൽ എടുത്തുചാടി പ്രവർത്തിക്കാതിരിക്കുക എന്നതായിരിക്കും ശരിയായ വഴി. അവരുടെ ആക്രമണങ്ങളെ ക്ഷമയോടുകൂടി സഹിക്കുക; വെറും ആത്മീയമായ ഉപായങ്ങൾ സ്വീകരിക്കുക. അതായത് ഇസ്‌ലാമിക പ്രബോധനവും ദുആകളും തുടങ്ങിയവ. ഹദ്റത്ത് മസീഹ് മൗഊദ്ؑ ലോകത്തെ പരിഷ്കരിക്കുന്നതിനുവേണ്ടി അല്ലാഹുവിൽനിന്ന് അയക്കപ്പെട്ട ആളാണ്. അദ്ദേഹം ജനങ്ങളുടെ മുമ്പിൽ വിളംബരം ചെയ്തു:

***യെ ഹുക്കും സുൻ കെ ഭി ജോ***
***ലഡായി കൊ ജായേഗാ***

***വൊ കാഫിറോൻ സെ സഖ്ത്***
***ഹസീമത്ത് ഉഠായേഗാ.***

അവിടന്ന് പറഞ്ഞു: മുസ്‌ലിമീങ്ങളുടെ പക്കൽ ഒരുതരത്തിലുള്ള ശക്തിയില്ലെന്നിരിക്കെ വാളെടുത്തുള്ള യുദ്ധം അവർക്കെങ്ങനെ നിർബന്ധമാകാനാണ്. ആ സമയം വരുമ്പോൾ അല്ലാഹു ഏതുരീതിയിലാണോ ആഗ്രഹിക്കുന്നത് മുസ്‌ലിമീങ്ങൾക്ക് അവരെ നേരിടാനുള്ള ശക്തി പ്രദാനം ചെയ്യുന്നതായിരിക്കും. എന്തായാലും അദ്ദേഹം ജിഹാദിനെ സംബന്ധിച്ച് മുസ്‌ലിമീങ്ങളുടെ നിലവിലുള്ള ചിന്താഗതിയെ ഖണ്ഡിച്ചു. ഈ യാഥാർഥ്യമാണ് ലാ തഅ്ജൽ എന്നതിൽ വിവരിക്കപ്പെട്ടിരിക്കുന്നത്.

യഥാർഥകാര്യമെന്താണെന്നാൽ ക്രിസ്ത്യാനികൾക്കുണ്ടാകുന്ന ഏതൊരു അഭിവൃദ്ധികളെ കുറിച്ചാണോ പറയപ്പെട്ടിരിക്കുന്നത് അത് ഭാവികാലത്ത് ഉണ്ടാകുമായിരുന്നതാണ്. എന്നല്ല ഹദീഥുകളിലും വിശുദ്ധഖുർആനിലും അവ അവസാനകാലവുമായി ബന്ധപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിനാൽ ലാ തഅ്ജൽ എന്നതിന്റെ ഉദ്ദേശ്യം നബിﷺ തിരുമേനിയല്ല പ്രത്യുത വരുംകാലത്തെ മുസ്‌ലിമീങ്ങളാണ്. അവർ ഒരുകാലത്ത് ക്രിസ്ത്യാനികളുടെ അഭിവൃദ്ധികണ്ട് അവരോടു യുദ്ധം ചെയ്യാനുള്ള താൽപര്യത്തിൽ അകപ്പെടുമെന്ന് പറയപ്പെട്ടിരിക്കുന്നു. ഏതൊരു കാലത്താണോ ക്രൈസ്തവമതം മുസ്‌ലിമീങ്ങളെ വേട്ടയാടിയിരുന്നത് അവർക്ക് അവരുമായി പോരാടാനുള്ള ശക്തി ഉണ്ടായിരുന്നു എന്നത് അത്ഭുതം ഉളവാക്കുന്നതാണ്. ആ സമയംവരെ മുസ്‌ലിമീങ്ങൾ അവരിൽനിന്ന് അശ്രദ്ധരായിരുന്നു. ക്രൈസ്തവമതം ലോകത്ത് വ്യാപിച്ചപ്പോൾ അവർക്ക് ജിഹാദിനെകുറിച്ച് ഓർമ്മ വന്നു. വാസ്തവത്തിൽ ആ സമയത്ത് ദൈവേച്ഛ **നഉദ്ദുലഹു അദ്ദാ** പ്രകടമായി കഴിഞ്ഞിരുന്നു. അതറിഞ്ഞശേഷം മുസ്‌ലിമീങ്ങൾ ചെയ്യേണ്ടിയിരുന്നത് കഴിഞ്ഞുകടന്ന അശ്രദ്ധയിൽ ഇസ്തിഗ്ഫാർ ചെയ്യുകയും ഭാവിയിൽ അവരുടെ ഫിത്നയിൽനിന്ന് മുസ്‌ലിമീങ്ങളെ രക്ഷപ്പെടുത്താൻ ദുആ ചെയ്യുകയും ചെയ്യുകയുമായിരുന്നു. എന്നിട്ട് ഖുർആൻകൊണ്ടുള്ള ജിഹാദ് തുടരണമായിരുന്നു; കഴിഞ്ഞകാല അശ്രദ്ധ അകലുന്നതിന്. വിശുദ്ധഖുർആന്റെ അനുഗ്രഹംകൊണ്ട് ക്രൈസ്തവമതത്തിന്റെ ശക്തി ശിഥിലമാകുമായിരുന്നു. പക്ഷേ, അവർ വാളെടുത്തുള്ള ജിഹാദ് അനവസരത്തിൽ പ്രകടിപ്പിച്ച് ക്രിസ്ത്യാനികൾക്ക് ഇസ്‌ലാമിന്നെതിരിൽ പ്രചാരണത്തിനുള്ള അവസരം നല്കി. അതിൽ ആകർഷിതരായി ആയിരക്കണക്കിന് മുസ്‌ലിമീങ്ങൾ ക്രിസ്ത്യാനികളായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഈ പോരായ്മയിലേക്ക് ശ്രദ്ധിച്ച ഒരേയൊരു വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ്ؑ മാത്രമായിരുന്നു. എന്നാൽ. ഇക്കാരണത്താൽ അദ്ദേഹത്തിനുമേൽ കുഫ്ർ ഫത്‌വ പതിക്കപ്പെട്ടു. ഈ വ്യക്തി ഇസ്‌ലാമിക അഭിവൃദ്ധിയുടെ ശത്രുവാണെന്ന് പറയപ്പെട്ടു. വാസ്തവത്തിൽ ഇസ്‌ലാമികാഭിവൃദ്ധിയ്ക്കുള്ള ഒരേയൊരു മാർഗം ഇക്കാലത്ത് ഇസ്‌ലാമിന്റെ ശരിയായ അധ്യാപനങ്ങളുടെ പ്രചാരണമായിരുന്നു; ക്രിസ്ത്യാനികളിൽനിന്നുള്ള ഒരുഭാഗത്തെ ജയിച്ചടക്കുന്നതിനും ബാക്കിയുള്ളവരുടെ മനസ്സിൽനിന്ന് തെറ്റായ ധാരണകൾ അകറ്റുന്നതിനും. എന്നാൽ, വ്യസനകരമെന്നു പറയട്ടെ ഈ സേവനം കാരണത്താൽ അദ്ദേഹത്തെ മുസ്‌ലിമീ

• ഹദീഥുന്നബ്‌വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വിﷺ •

**"അൽഅയ്മനു ഫൽ അയ്മനു."**
**വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.**

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

**"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."**
**ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.**




ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

ങ്ങൾ എത്രമാത്രം തെറിവിളിച്ചെന്നാൽ, ഒരുപക്ഷേ, ഒരു ദൈവനിയോഗിതനും ഇത്രയധികം ഈ അളവിൽ തെറി കിട്ടിയിട്ടുണ്ടാകില്ല. ഈ അക്രമത്തിന്റെ പ്രതികാരം ഖിയാമത്തുന്നാൾ ഞങ്ങൾ മുഹമ്മദു റസൂലുല്ലാഹിﷺ മുഖേന വീട്ടുന്നതായിരിക്കും. ആ മഹാത്മാവ് സ്വയം ഈ അക്രമികളുടെമേൽ വെറുപ്പ് പ്രകടിപ്പിക്കുന്നതായിരിക്കും;ഞങ്ങളുടെ മനസ്സുകളിൽ സമാധാനത്തിന്റെ മരുന്നു വെച്ചുകെട്ടുകയും ചെയ്യും. ഇൻശാഅല്ലാഹ്... എന്തായാലും **ഫലാതഅ്ജൽ അലയ്ഹിം** എന്നതിൽ ജിഹാദിന്റെ പ്രവർത്തനത്തെ തികച്ചും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറഞ്ഞു: 'നാം അവർക്കുവേണ്ടി ഒരു സമയം നിർണയിച്ചുവെച്ചിരിക്കുന്നു. നാം അവരുടെ നാശത്തിന്റെ നിമിഷങ്ങൾ എണ്ണിക്കൊണ്ടിരിക്കുകയാണ്. ആ നേരം വരുമ്പോൾ നാം സ്വയം പിടിക്കുന്നതായിരിക്കും." *(തഫ്സീർ കബീർ, വാള്യം 5, പേജ് 365)*

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഫലാ തുത്വിഇൽ കാഫിരീന വ ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറാ എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: **ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറാ** (25:5) ഏ മുഹമ്മദു റസൂലുല്ലാഹ്! നിനക്ക് യുദ്ധം ചെയ്യേണ്ടതായി വരും. പക്ഷേ, ആയുധങ്ങൾ നിന്റെ ജീവിതത്തിന്റെ ലക്ഷ്യമായിരിക്കുകയില്ല. പ്രത്യുത, നിന്റെ ജീവിതത്തിലെ ജോലികളുടെ വളരെ ചെറിയൊരു ഭാഗമായിരിക്കും. നിന്റെ ജീവിതത്തിന്റെ ലക്ഷ്യം വിശുദ്ധഖുർആൻ കൊണ്ട് നിന്റെ ജനതയോടു യുദ്ധംചെയ്യുക എന്നതാണ്. ഈ യുദ്ധമായിരിക്കും വലിയ യുദ്ധം. വാളെടുത്തുള്ള യുദ്ധം അതിന്നെതിരിൽ ചെറുതായിരിക്കും.

ഇനി നോക്കൂ! ഈ പ്രവചനം എത്ര പ്രൗഢിയോടെയാണ് പുലർന്നത്. മക്കക്കാർക്ക് ഈ അറേബ്യൻ ഗോത്രങ്ങളോട് നിസംശയം യുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ട്. പക്ഷേ, ആ ഗോത്രങ്ങളും ചെറുതായിരുന്നു. അതിന്റെ ഫലവും ചെറുതായിരുന്നു. പക്ഷേ, ഖുർആൻ മുഖേന ആ മഹാത്മാവിന് ചെയ്യേണ്ടിവന്ന യുദ്ധം അറേബ്യക്കാരോടും ഇറാൻകാരോടും നടന്നു. പിന്നീട് മുഴുവൻ ലോകത്തോടും ആ യുദ്ധം നടന്നു. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. ഈ യുദ്ധത്തിന്റെ ഫലം പുറത്തുവരുന്ന ദിവസം മുഴുലോകത്തിന്റേയും മനസ്സ് ഇസ്‌ലാമിനുള്ള വിജയമായിത്തീരുന്നതായിരിക്കും. മുഹമ്മദ് റസൂലുല്ലാഹിയുടെ രാജാധിപത്യം മൈതാനങ്ങളേയും സമുദ്രങ്ങളേയും കുതിച്ചുചാടി ലോകത്തിന്റെ അറ്റങ്ങൾവരെ എത്തുന്നതായിരിക്കും. ഇതിനെതിരിൽ ബാഹ്യമായ യുദ്ധങ്ങളുടെ ഫലം വളരെ ചെറുതായിരിക്കും. എന്നാൽ, അത്ഭുതമാണ്! ഈ പരസ്യമായ ഖുർആൻ വചനങ്ങളുണ്ടായിട്ടും പാശ്ചാത്യജനത ഇപ്പോഴും ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നത് മുഹമ്മദ് റസൂലുല്ലാഹ്ﷺ യുദ്ധങ്ങളോടൊപ്പം തന്റെ ശത്രുക്കളേയും പരാജയപ്പെടുത്തി എന്നാണ്. മുഹമ്മദ് റസൂലുല്ലായുടെ വിജയങ്ങൾ യുദ്ധങ്ങളുമായി ബന്ധപ്പെട്ടതായിരുന്നെങ്കിൽ വിശുദ്ധഖുർആൻ അതിനെ സൂചനയായി ചെറുതെന്ന് പറഞ്ഞതെന്തിനാണ്? ഖുർആൻ കൊണ്ടുള്ള യുദ്ധത്തെ വലുത് എന്നെന്തിന് പറഞ്ഞു? ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറാ എന്ന് അതെന്തിനാണ് പറഞ്ഞത്? ഏ മുഹമ്മദ് റസൂലുല്ലാഹ്! നിന്റെ യഥാർഥ യുദ്ധം വിശുദ്ധഖുർആന്റെ ആയുധംകൊണ്ടാണ്. നീ ഈ ആയുധത്തോടുകൂടി നിന്റെ ശത്രുക്കളോടു യുദ്ധം ചെയ്യുക. ഈ യുദ്ധമായിരിക്കും വലിയ യുദ്ധം.

അത്ഭുതകരമായ കാര്യം രണ്ട് യുദ്ധത്തെ കുറിച്ച് പറഞ്ഞിട്ടുള്ള- ഒന്ന് വാൾ എടുത്തുള്ള യുദ്ധം ചെറുതായിരിക്കുമെന്നും തെളിവുകളും പ്രമാണങ്ങളും കൊണ്ടുള്ള യുദ്ധം വലുതായിരിക്കുമെന്നും- വചനം ഫുർഖാൻ എന്ന അധ്യായത്തിന്റെ വചനമാണെന്നതാണ്. അത് മക്കയിൽ അവതരിച്ചതാണ്; അതായത് നബിﷺ തിരുമേനി അപ്പോൾ മക്കയിൽ തന്നെയായിരുന്നു. അദ്ദേഹത്തിന് പട്ടാളമൊന്നുമുണ്ടായിരുന്നില്ല. രാജ്യമുണ്ടായിരുന്നില്ല. അപ്പോഴാണ് അല്ലാഹു പറഞ്ഞത് നിനക്ക് നിന്റെ എതിരാളികളോടു യുദ്ധങ്ങൾ ചെയ്യേണ്ടി വരുമെന്ന്; കുറച്ച് വാളുകൾകൊണ്ടും കുറച്ച് തെളിവുകളും പ്രമാണങ്ങളും കൊണ്ടും. തെളിവുകളും പ്രമാണങ്ങളും കൊണ്ടുള്ള യുദ്ധങ്ങൾ വലുതായിരിക്കും; വാളുകൾകൊണ്ടുള്ള യുദ്ധം ചെറുതും. നബിﷺതിരുമേനി തന്നെയാണ് ഈ വ്യത്യാസം വിവരിച്ചത്. ഒരിക്കൽ അവിടന്ന് യുദ്ധത്തിൽനിന്ന് മടങ്ങിവന്നു. അപ്പോൾ പറഞ്ഞു. **റജഅ്നാ മിനൽ ജിഹാദിൽ അസ്ഗരി ഇലൽ ജിഹാദിൽ അക്ബരി** *(റദ്ദുൽ മുഖ്താരി അല അദ്ദുറുൽ മുഖ്താരി വാള്യം 3, പേജ് 235)*

നമ്മൾ ഒരു ചെറിയ യുദ്ധത്തിൽനിന്ന് മടങ്ങിവന്നിരിക്കുകയാണ് എന്തിനെന്നാൽ വലിയ യുദ്ധം അതായത് തെളിവുകളുടെയും പ്രമാണങ്ങളുടെയും യുദ്ധവും ഖുർആനിന്റെ പ്രചാരണയുദ്ധവും തുടങ്ങുന്നതിനുവേണ്ടി. അതിനാൽ തെളിവുകളും പ്രമാണവും കൊണ്ടുള്ള യുദ്ധത്തെ വലിയ യുദ്ധമെന്നും വാളെടുത്തുള്ള യുദ്ധത്തെ ചെറിയ യുദ്ധമെന്നും നബിﷺ തിരുമേനിയും പറഞ്ഞിരിക്കുന്നു.'(തഫ്സീർ കബീർ, വാള്യം 7, പേജ് 471)

## സർവ്വശക്തിയോടും സർവകഴിവോടും സർവയോഗ്യതയോടുംകൂടി അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)


ഇബ്റാഹീമിന്റെ ദുആകളും മുൻവേദഗ്രന്ഥങ്ങളിൽ കാണുന്ന പ്രവചനങ്ങളുമനുസരിച്ച് അല്ലാഹു നബിﷺതിരുമേനി മുഖേന ഒരു മുസ്‌ലിം സമുദായത്തെ സ്ഥാപിച്ചു. വിശുദ്ധഖുർആനിലെ ഹജ്ജ് എന്ന അധ്യായത്തിൽ പറയുന്നു:

"ഇവിടെ അല്ലാഹു ഇങ്ങനെ പറയുന്നു: 'നിങ്ങളുടെ സർവശക്തിയോടും സർവകഴിവോടും സർവയോഗ്യതയോടുംകൂടി അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക. ഈ പരിശ്രമത്തേയും ജിഹാദിനേയും അതിന്റെ പാരമ്യതയിലെത്തിക്കുക. (ഹഖ്ഖ ജിഹാദിഹീ) അതിന്റെ കടമ പൂർത്തിയാക്കുക. കാരണം അവൻ നിങ്ങളെ ഇഷ്ടപ്പെട്ടവരാക്കിയിരിക്കുന്നു. നിങ്ങൾക്ക് മാഹാത്മ്യം പ്രദാനം ചെയ്തിരിക്കുന്നു. സമ്പൂർണമതം നിങ്ങൾക്ക് നല്കിയിരിക്കുന്നു. ഉത്തമമായ കല്പനകൾ നിങ്ങൾക്കുവേണ്ടി ഇറക്കിയിരിക്കുന്നു. ആ കല്പനയെ പിൻപറ്റുന്നതിനുവേണ്ടി ഏതൊരു ശക്തികളുടേയും കഴിവുകളുടേയും ആവശ്യമുണ്ടായിരുന്നുവോ അതും നിങ്ങൾക്കൊപ്പം തന്നിരിക്കുന്നു. അതിനാൽ ഈ കല്പനകൾ പിൻപറ്റുന്നതുകൊണ്ട് നിങ്ങളിൽ ഒരു ഭാരവുമുണ്ടാകുകയില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മതം! നിങ്ങൾക്ക് അല്ലാഹു അൽമുസ്‌ലിമീൻ എന്ന് പേരു നല്കിയിരിക്കുന്നു. മുസ്‌ലിം സമുദായം എന്ന് നിശ്ചയിച്ചിരിക്കുന്നു. നിങ്ങളെ സംബന്ധിച്ച് ഈ നാമം മുൻവേദഗ്രന്ഥങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. വിശുദ്ധഖുർആനും നിങ്ങളെ ഉമ്മത്തൻ, മുസ്‌ലിമത്തൻ, അൽമുസ്‌ലിമീൻ എന്നീ നാമങ്ങളിൽ സ്മരിക്കുന്നു. ഒരു മുസ്‌ലിം സമുദായം ലോകത്ത് സ്ഥാപിക്കണമെന്ന് ഹദ്റത്ത് ഇബ്റാഹീം(അ) ചെയ്ത പ്രാർഥനകളുടെ ഫലമാണ് ഈ നാമം. (ആ ദൈവദൂതന്മാരിൽ ശ്രേഷ്ഠന്റെ നിയമനത്തോടൊപ്പം) അദ്ദേഹത്തിന്റെ സന്താനങ്ങളും മുസ്‌ലിം സമുദായത്തിൽ ഉൾപെടണം. അതിനാൽ കഅ്ബ മന്ദിരത്തിന്റെ ഉദ്ദേശ്യങ്ങളുമായി ബന്ധംവെക്കുന്ന വചനങ്ങളിൽ **വ മിൻ ദുർരിയ്യത്തിനാ ഉമ്മത്തൻ മുസ്‌ലിമത്തൻല്ലക്ക** എന്ന ദുആയുമുണ്ടായിരുന്നു. വിശുദ്ധഖുർആൻ ഹജ്ജ് എന്ന ഈ ആയത്തിൽ വാദിക്കുന്നത്, ആ ദുആ സ്വീകരിക്കപ്പെട്ടു എന്നാണ്. മുൻവേദഗ്രന്ഥങ്ങളിൽ നല്കപ്പെട്ടിരുന്ന പ്രവചനങ്ങൾ പുലരുന്ന സമയം വന്നിരിക്കുന്നു; നബിﷺതിരുമേനി നിയോഗിതനായിക്കഴിഞ്ഞിരിക്കുന്നു. മുസ്‌ലിം സമുദായം സ്ഥാപിക്കപ്പെട്ടു. ഇതു സ്ഥാപിതമായത് മനുഷ്യന്റെ ഉള്ളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ആത്മീയവും ധാർമികവുമായിട്ടുള്ള ശക്തികളുടേയും കഴിവുകളുടേയും യോഗ്യതകളുടേയും വെളിപ്പെടലിന്റെ സമയം വന്നിരിക്കുന്നുവെന്നാണ്. മനുഷ്യൻ തന്റെ രക്ഷിതാവിന്റെ വഴിയിൽ തന്റെ ശക്തികളെ എങ്ങനെ ചെലവഴിക്കുന്നുവെന്നും തന്റെ യോഗ്യതകളെ അവൻ എങ്ങനെ സമ്പൂർണതയിൽ എത്തിക്കുന്നുവെന്നും ഇനി ലോകം കാണുന്നതായിരിക്കും." *(ഖുത്വ്ബാത്തെ നാസ്വിർ, വാള്യം 1, പേജ് 732, ജുമുഅ ഖുത്വ്ബ 9.6.1967)*

ലോകം മുഴുവനുമുള്ള ആറ്റംബോംബും ഹൈഡ്രജൻബോംബും കൂടിച്ചേർന്നാലും ഒരു മനസ്സിൽ മാറ്റം ഉണ്ടാക്കാൻ കഴിയില്ല. (തുടരും)

****

ഹദീസുന്നബവിﷺ
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീസുന്നബവിﷺ
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feels more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 11 September 2025 Issue-37

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ജിഹാദ് എന്ന വിഷയത്തെ കുറിച്ച് അഹ്മദിയ്യ ജമാഅത്തിന്റെ ഖലീഫമാർ

## സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽؓ

"ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ അല്ലാമ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവിؓ ബഖറ എന്ന അധ്യായത്തിലെ 194-ാമത്തെ വചനം വിശദീകരിച്ചുകൊണ്ടു പറയുന്നു: വ ഖാത്തിലൂഹും ഹത്താ ലാ തക്കൂന ഫിത്നത്തുൻ വ്വ യക്കൂനദ്ദീനു ലില്ലാഹ് ഈ പ്രശ്നം നല്ലവണ്ണം ഓർമിക്കേണ്ടതാണ്. മതങ്ങളെ അസാധുവാക്കാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. പ്രത്യുത വിശുദ്ധഖുർആനിൽ എഴുതിയിരിക്കുന്നത് അല്ലാഹു ആഗ്രഹിച്ചിരുന്നെങ്കിൽ മുഴുലോകത്തെയും ഒരൊറ്റ മതത്തിൽ നിലനിറുത്താമായിരുന്നുവെന്നാണ്. **ഫലൗ ശാഅ ലഹദാക്കും അജ്മയീൻ** (6:150) അവനുദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെയെല്ലാവരേയും അവൻ (നിർബന്ധപൂർവ്വം) നേർവഴിയിലാക്കുമായിരുന്നു. മറ്റൊരു സ്ഥലത്ത് പറഞ്ഞു. **വലൗ ലാ ദഫ്ഉല്ലാഹിന്നാസ ബഅ്ളഹും ബിബഅ്ളിൻ ല്ല ഹുദ്ദിമത്ത് സ്വാവാമിഉ വബിയഉൻ വ്വ സ്വലവാത്തുൻ വ്വ മസാജിദു** (22:41) മനുഷ്യരിൽ ചിലർക്ക് ചിലരിൽനിന്നുള്ള അക്രമത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നെങ്കിൽ ക്രിസ്ത്യാനികളുടേയും മുസ്ലിമീങ്ങളുടേയും അഗ്നി ആരാധകരുടേയും യഹൂദികളുടേയും ആരാധനാലയങ്ങൾ എല്ലാം തകർക്കപ്പെടുമായിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് മതങ്ങളുടെ ഭിന്നതകൾ അല്ലാഹുവിന്റെ ഇച്ഛയ്ക്ക് വിധേയമാണെന്നാണ്. അല്ലാഹു പ്രവാചകന്മാരെ അയക്കുന്നത് സമാധാനം സ്ഥാപിക്കാൻ വേണ്ടിയാണ്; ജനങ്ങളെ നിർബന്ധപൂർവം മുസ്ലിമാക്കുന്നതിനല്ല. പ്രത്യുത അവൻ **ലാഇക്റാഹ ഫിദ്ദീൻ** (2:257) അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കാരണം മനുഷ്യൻ മനസ്സുകൊണ്ട് വിശ്വാസിയാകാത്തിടത്തോളം അല്ലാഹുവിന്റെ പക്കൽ മുഅ്മിൻ ആകുകയില്ല. അവന്റെ വിശ്വാസത്തിന്റെ അടയാളങ്ങൾ അവന്റെ ബാഹ്യമായ പ്രവൃത്തികളിലും ഉണ്ടാകേണ്ടതാണ്; ആർക്കും അതിനെ തടയാൻ കഴിയരുത്.

സത്യവിശ്വാസി, സത്യനിഷേധിയുടെ ഫിത്നയിൽ ആകാത്തുതുവരെയാണ് ജിഹാദും അനുവദനീയമാകുന്നത്. വിശ്വസിച്ചുകഴിഞ്ഞിട്ടുള്ളവർക്ക് അവരുടെ ആരാധന ഒരു ഭയവും തടസവും കൂടാതെ നിർവഹിക്കാൻ കഴിയണം; അവർ കപടതയോടെ പ്രവർത്തിക്കാൻ നിർബന്ധിതരാകരുത്. പ്രത്യുത **യക്കൂനദ്ദീനു ലില്ലാഹി.** മതം സ്വീകരിക്കുന്നത് അല്ലാഹുവിനുവേണ്ടിയായിരിക്കണം. ഫിത്ന ഇല്ലാതാവണം."
*(ഹഖാഇഖുൽ ഖുർആൻ വാള്യം 1, പേജ് 327)*

ഹജ്ജ് അധ്യായത്തിലെ 39-40 വചനത്തിന് നല്കിയ വിശദീകരണത്തിൽ പറയുന്നു: **ഇന്നല്ലാഹ യുദാഫിഉ അനില്ലദീന ആമനൂ ഇന്നല്ലാഹ ലാ യുഹിബ്ബു കുല്ല ഖവ്വാനിൻ കഫൂറിൻ** (22:39)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽؓ പറയുന്നു: ഇന്നല്ലാഹ യുദാഫിഉ അനില്ലദീന ആമനൂ അല്ലാഹു എല്ലാ വസ്തുക്കൾക്കും പരിധി നിശ്ചയിച്ചിരിക്കുന്നു. ഈ പരിധിയിൽനിന്ന് ഏതെങ്കിലും കാര്യം അതിരുകടക്കാൻ തുടങ്ങുമ്പോൾ അതിനെ പ്രതിരോധിക്കുന്നതിനുള്ള വസ്തു സൃഷ്ടിക്കുന്നു. അങ്ങനെ സത്യനിഷേധം വർധിച്ചപ്പോൾ ഹദ്റത്ത് മുഹമ്മദ്ﷺ റസൂലുല്ലായേയും അദ്ദേഹത്തിന്റെ ജമാഅത്തിനേയും സൃഷ്ടിച്ചു. കാരണം അവൻ സത്യനിഷേധപരമായ കാര്യങ്ങൾ ഇഷ്ടപ്പെടുന്നില്ല. മുഴുവൻ മനുഷ്യരേയും മുസ്ലിമാക്കുന്ന മഹ്ദി വരുമെന്ന ചിന്ത വ്യർഥമാണ്. ആ വരുന്നയാൾ മുഹമ്മദ് റസൂലല്ലായേക്കാൾ പവിത്രശക്തി ഉൾക്കൊള്ളുന്ന ആളായിരിക്കുമോ? അയാൾ വിശുദ്ധഖുർആനേക്കാൾ ഉന്നതമായ ഗ്രന്ഥം കൊണ്ടുവരുമോ? എല്ലാ കാര്യങ്ങളേയും ഒരു പരിധിയ്ക്കുള്ളിൽ നിറുത്താനാണ് അല്ലാഹു ആഗ്രഹിക്കുന്നത്.

അതുപോലെ പറയുന്നു: **ഉദിന ലില്ലദീന യുഖാത്തിലൂന ബിഅന്നഹും ള്ലുലിമൂ വ ഇന്നല്ലാഹ അലാ നസ്വ്രിഹിം ലഖദീർ** (22:40). യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അവർ ആക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു. ഇസ്ലാമിന്റെ രണ്ടുതരത്തിലുള്ള വിജയവും അല്ലാഹു കാണിക്കാനാഗ്രഹിക്കുന്നു. ഇസ്ലാമിനെ ഉന്മൂലനം ചെയ്യുന്നതിന് ശത്രുക്കൾ ഇസ്ലാമിന്റെമേൽ വാളെടുത്ത ഒരു കാലമുണ്ടായിരുന്നു. മുസ്ലിമീങ്ങളെ കൊല്ലാൻ തുടങ്ങി. അപ്പോൾ ഇസ്ലാം മുസ്ലിമീങ്ങളെ അനുസരണക്കേടിൽനിന്ന് തടഞ്ഞു; ഒഴികഴിവ് ഒന്നും പറയരുത്. ഈ രാജ്യത്തുനിന്ന് പുറത്തുപോകുക. അവിടെ ബുദ്ധിമുട്ടുണ്ടായിരുന്നു. അതുകൊണ്ട് മഹനീയമായ മക്കരാജ്യം ഉപേക്ഷിച്ചു; അതിൽ ശത്രുക്കൾ ക്ഷമ കാണിച്ചില്ല. അവർ പിന്തുടർന്നു. അപ്പോൾ അവസാനം ഇസ്ലാം വാളെടുക്കുകയും വിജയിക്കുകയും ചെയ്തു.

ഇക്കാലത്ത് 14-ാം നൂറ്റാണ്ടിൽ കേവലം പ്രമാണപരമായ ആയുധങ്ങൾകൊണ്ട് ഇസ്ലാമുമായുള്ള യുദ്ധം തുടങ്ങിയിരിക്കുകയാണ്. ഒരു ജനതയും മതത്തിന്റെ പേരിൽ ഒരു മുസ്ലിമിന്റേയുംമേൽ ആയുധമെടുത്ത് പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഇസ്ലാമും തെളിമയാർന്ന പ്രമാണങ്ങളും പ്രകാശിക്കുന്ന യുക്തിജ്ഞാനങ്ങളും വ്യക്തമായ തെളിവുകളുംകൊണ്ട് അതിനെ നേരിടാൻ തുടങ്ങി!

ബിംബാരാധകരായ ജനതകൾ ഇസ്ലാമിന്നെതിരിൽ പരാജയപ്പെട്ട് ബിംബാരാധനയുടെ വാദങ്ങളിൽനിന്ന് പിൻവാങ്ങുന്നു. തികച്ചും ഈ പ്രശ്നത്തിൽ രഞ്ജിപ്പുണ്ടാകുന്നു. കാരണം ഇന്ത്യയിൽ കുറച്ചാളുകൾ ബ്രഹ്മസമാജക്കാരായി. കുറച്ചുപേർ ആര്യസമാജക്കാരായി. ഇവിടെ യൂറോപ്പിലും അമേരിക്കയിലും യൂണിറ്റേറിയലിന്റെയും ഫ്രീതിങ്കേഴ്സിന്റെയും സമുദ്രം തിരയടിച്ചുകൊണ്ടിരിക്കുന്നു. എത്ര നന്നായി. ഹദ്റത്ത് മസീഹ്ؑന്റെ ദൈവത്വം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. സൃഷ്ടികൾ ഇസ്ലാമിന്റെ പവിത്രമായ മതത്തിൽ വന്നുകൊണ്ടിരിക്കുന്നു.

ലോകത്തിലെ നന്മയുണ്ടല്ലോ! അതിനും കുറച്ചു ബുദ്ധിമുട്ടുകളുണ്ട്. സുഖത്തോടൊപ്പം ദുഃഖം. ദുഃഖത്തോടൊപ്പം സുഖം. അവസാനം പറഞ്ഞതിന്റെ ഉദാഹരണം പ്രസവവേദനയും പിന്നീട് ആൺകുട്ടിയുടെ ജനനവുമാണ്.

ആദരണീയരായ സ്വഹാബ മഹത്തായ മക്കയിൽ കഠിനമായ ബുദ്ധിമുട്ടുകളിലായിരുന്നു. 1. ചിലയാളുകളെ ഒരു കാല് ഒരു ഒട്ടകത്തോടും മറുകാല് മറ്റൊരു ഒട്ടകത്തോടും കെട്ടി വിപരീതദിശയിലേക്ക് പായിച്ച് പിളർത്തിയിരുന്നു. 2. ചില സ്ത്രീകളുടെ രഹസ്യസ്ഥലങ്ങളിൽ കുന്തംകൊണ്ട് കുത്തുകയും കഴുത്തിലൂടെ പുറത്തെടുക്കുകയും ചെയ്തു. 3. മൂന്നുവർഷം ബനുഹാശിമിന് ധാന്യം എത്തിക്കുന്നത് തടഞ്ഞു. 4. ചില സ്വഹാബത്തിനെ ചുട്ടുപൊള്ളുന്ന കല്ലിൽ കിടത്തി. എന്നാൽ, അവർ വലിയ ക്ഷമയോടും സ്ഥൈര്യത്തോടും തന്റേടത്തോടുംകൂടി ആ എല്ലാ ബുദ്ധിമുട്ടുകളും സഹിച്ചു.

മുഹർറമാസത്തിൽ ഇമാം ഹുസയ്നു നേരിട്ട ബുദ്ധിമുട്ടുകളെ കുറിച്ച് പറയുന്നു. എന്നാൽ, സ്വഹാബാക്കൾ എന്തെന്തെല്ലാം ബുദ്ധിമുട്ടുകളാണോ വഹിച്ചത് അത് അവയെക്കാൾ ചില നേരത്ത് കടുപ്പമുള്ളതായിരുന്നു. അതിനാൽ ഈ സഹനത്തിന്റെ ഫലമായാണ് ജിഹാദിന് സമ്മതം നല്കപ്പെട്ടത്. നബിﷺ തിരുമേനി സൈന്യത്തേയും കാത്തിരുന്നു എന്ന ചിന്ത തെറ്റാണ്. **ലാ തുക്കല്ലഫു ഇല്ലാനഫ്സക്ക** (4:85) - നിന്റേതല്ലാത്ത (മറ്റാരുടെയും കാര്യത്തിന്) നിന്നെ ഉത്തരവാദപ്പെടുത്തുന്നില്ല - എന്നതിന്റെ കല്പനയും ഹുനയ്ൻ യുദ്ധത്തിൽ എല്ലാവരും ഓടിയപ്പോൾ നിന്നതും അതിനുള്ള തെളിവാണ്. വാൾകൊണ്ടാണ് ഇസ്ലാം പരന്നതെന്ന പ്രചാരണം കളവാണ്.

മറ്റൊരു ഔദാര്യം ഇസ്ലാം ചെയ്തു. അത് എന്റെ അഭിപ്രായത്തിൽ ലോകത്തിലെ ഒരു റിഫോർമറും പരിഷ്കർത്താവും ചിന്തിക്കാത്തതാണ്. അതിതാണ് **ഇന്നല്ലാഹ യുദാഫിഉ അനില്ലദീന ആമനൂ ഇന്നല്ലാഹ ലാ യുഹിബ്ബു ഖവ്വാനിൻ കുഫൂർ...... ലഹുദ്ദിമത്ത് സ്വവാമിഉ വബിയഉൻ വ്വസ്വലവാത്തുൻ വ്വ മസാജിദു യുദ്കറു ഫീഹസ്മുല്ലാഹി കഥീറാ** നാം ചില നേരങ്ങളിൽ സ്വയം സംരക്ഷണത്തിനുള്ള കല്പന നല്കുന്നു. അതുകൊണ്ടുള്ള ഉദ്ദേശ്യം അങ്ങനെ ചെയ്തില്ലെങ്കിൽ ധരംശാലകളും യഹൂദികളുടെ ആരാധനാ

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin